GOVT. HIGHER SECONDARY SCHOOL KOTTODI

*Little KITEs*



# WE
# THE PEOPLE OF INDIA

**ഇന്ത്യൻ ഭരണ ഘടനയുടെ 70 -ാം വാർഷികം**

DIGITAL MAGAZINE 2020

# ഉള്ളടക്കം

## താളുകൾ മറിക്കുമ്പോൾ


| | |
|---|---|
| മാഗസിനെക്കുറിച്ച് | (താൾ 3) |
| പത്രാധിപസമിതി | (താൾ 4) |
| പ്രിൻസിപ്പാളിന്റെ സന്ദേശം | (താൾ 5) |
| ഹെഡ്മാസ്റ്ററുടെ സന്ദേശം | (താൾ 6) |
| സീനിയർ അസിസ്റ്റന്റിന്റെ സന്ദേശം | (താൾ 7) |
| പി.ടി.എ.പ്രസിഡണ്ടിന്റെ സന്ദേശം | (താൾ 8) |
| സ്കൂൾ വിലാസം | (താൾ 9) |
| സ്കൂൾ ചരിത്രം | (താൾ 10) |
| ഭൗതിക സൗകര്യങ്ങൾ | (താൾ 11) |
| ഇന്ത്യൻ ഭരണഘടന ആമുഖം | (താൾ 12) |
| നൈതികം - സ്കൂൾ ഭരണഘടന | (താൾ 13) |
| പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞം യാഥാർത്ഥ്യമാകുമ്പോൾ | (താൾ 16) |
| രചനകൾ | (താൾ 17) |
| ചിത്രജാലകം | (താൾ 25) |
| സ്കൂൾ പ്രവർത്തന റിപ്പോർട്ട് | (താൾ 26) |
| ലിറ്റിൽ കൈറ്റ്സ് | (താൾ 31) |

# മാഗസിനെക്കുറിച്ച്

ഇന്ത്യൻ ഭരണഘടനയുടെ എഴുപതാം വാർഷികത്തോടനുബന്ധിച്ച് സ്കൂളുകളിൽ നടപ്പിലാക്കിയ നൈതികം പരിപാടിയുടെ പ്രാധാന്യം ഉൾക്കൊണ്ടു കൊണ്ടാണ് ഈ വർഷത്തെ ലിറ്റിൽ കൈറ്റ്സ് ഡിജിറ്റൽ മാഗസിൻ പ്രസിദ്ധീകരിക്കുന്നത്. നിയമവ്യവസ്ഥയുടെ അടിസ്ഥാനമായ ഇന്ത്യൻ ഭരണഘടനയുടെ മൂല്യവും അന്തസത്തയും ഉയർത്തിപ്പിടിക്കുന്നതിനും ഭാവിയുടെ വാഗ്ദാനങ്ങളായ വിദ്യാർത്ഥികളിൽ എത്തിക്കുന്നതിനും കുടുംബത്തിലും സ്കൂളിലും സമൂഹത്തിലും വിദ്യാർത്ഥികൾക്കുള്ള അവകാശങ്ങളും കടമകളും തിരിച്ചറിയുന്നതിനും ഉറപ്പിക്കുന്നതിനും കുട്ടികൾ തന്നെ ചർച്ച ചെയ്ത് തയ്യാറാക്കുന്ന സ്കൂൾ ഭരണഘടന സഹായിക്കുമെന്ന് പ്രതീക്ഷിക്കാം.

ഒരുവർഷക്കാലം സ്കൂളിൽ നടപ്പിലാക്കിയ വിവിധ അക്കാദമിക-അക്കാദമികേതര പ്രവർത്തനങ്ങളുടെ ചുരുക്കം മാഗസിനിൽ ഉൾപ്പെടുത്താൻ ശ്രമിച്ചിട്ടുണ്ട്.കൂടാതെ വിദ്യാർത്ഥികളിൽ നിന്നും ലഭ്യമായ ചുരുക്കം ചില കലാ-സാഹിത്യ സൃഷ്ടികളും ഉൾപ്പെടുത്തിയിട്ടുണ്ട്.മികവുറ്റ മാഗസിനാണെന്ന് അവകാശപ്പെടുന്നില്ല.പക്ഷേ സ്കൂളിൽ നിന്നും ലഭ്യമായ ഐ.സി.ടി പരിശീലനത്തിന്റെ ഗുണവശങ്ങൾ പ്രയോഗവൽക്കരിക്കുന്നതിനുള്ള മികച്ച ഒരവസരമാണ് ലിറ്റിൽ കൈറ്റ്സ് ഐ.ടി ക്ലബ്ബംഗങ്ങൾക്ക് ഇതിലൂടെ ലഭ്യമാകുന്നത്.ഈ മാഗസിൻ തയ്യാറാക്കുന്നതിന് ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾക്ക് ലഭിച്ച മലയാളം കമ്പ്യൂട്ടിംഗ് പരിശീലനം സഹായിച്ചിട്ടുണ്ട്.റിപ്പോർട്ടുകളും കലാ-സാഹിത്യ സൃഷ്ടികളും ടൈപ്പ് ചെയ്യുന്നതിനും ഡിജിറ്റൽ ക്യാമറ ഉപയോഗിച്ച് ചിത്രങ്ങൾ പകർത്തുന്നതിനും പരിശീലനങ്ങൾ സഹായിച്ചിട്ടുണ്ട്.രാവിലെയും ഉച്ചയ്ക്കും വൈകുന്നേരങ്ങളിലും അധികസമയം കണ്ടെത്തിയാണ് ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ ഈ മാഗസിൻ തയ്യാറാക്കിയത്.സ്കൂൾ ഐ.ടി കോർഡിനേറ്റർ,കൈറ്റ് മാസ്റ്റർ,കൈറ്റ് മിസ്ട്രസ് എന്നിവരുടെ സാങ്കേതിക സഹായവും എഡിറ്റോറിയൽ ബോർഡംഗങ്ങളുടെ നിർദ്ദേശങ്ങളും ഉപദേശങ്ങളും മാഗസിൻ തയ്യാറാക്കുന്നതിന് സഹായിച്ചിട്ടുണ്ട്.കൂടാതെ സ്കൂൾ പ്രിൻസിപ്പാൾ,ഹെഡ്മാസ്റ്റർ,സീനിയർ അസിസ്റ്റന്റ്,പി.ടി.എ ഭാരവാഹികൾ എന്നിവരുടെ മികച്ച പിന്തുണയും ഈ ഉദ്യമത്തിന് സഹായകമായി.പത്രാധിപ സമിതിക്കുവേണ്ടി ഈ ഉദ്യമത്തിൽ സഹകരിച്ച എല്ലാവരോടും നന്ദി പറയുന്നു.

സൃഷ്ടികളുടെ മികവ് അളക്കുന്നതിന് പകരം തുടക്കക്കാരുടെ സന്നദ്ധതയെ മാനിക്കാൻ ശ്രമിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.




ചീഫ് എഡിറ്റർ : ഷാജി ഫിലിപ്പ് (ഹെഡ്മാസ്റ്റർ)

എഡിറ്റർ : എ.എം.കൃഷ്ണൻ (കൈറ്റ് മാസ്റ്റർ)

സ്റ്റുഡന്റ് എഡിറ്റർ : ദേവാനന്ദ്.വി.കെ

അംഗങ്ങൾ :

ബിജി ജോസഫ് (സീനിയർ അസിസ്റ്റന്റ്)

ധനലക്ഷ്മി വെള്ളുവക്കണ്ടി (കൈറ്റ് മിസ്ട്രസ്)

സവിത.വി.ആർ (എസ്.ഐ.ടി.സി)

ഇന്ദിര.കെ (മലയാള വിഭാഗം )

പ്രശാന്ത്.പി.ജി (ഇംഗ്ലീഷ് വിഭാഗം)

ആദിത്യൻ.എം.

ഗൗതംകൃഷ്ണ.ബി

കിരൺകുമാർ.ടി

അർജ്ജുൻ.കെ.പി

അയൻ ബിശ്വാസ്

ജെറിൻ എസ്

# സന്ദേശം



പ്രിൻസിപ്പാൾ

ഡോ.ജി.മുകുന്ദൻ നായർ

**വ**ർത്തമാനകാലം വലിയതോതിൽ പ്രതികരണം ആവശ്യപ്പെടുന്നുണ്ട്.ഭാരതത്തിന്റെ മഹത്തായ പാരമ്പര്യവും അതിന്റെ ഭരണഘടനയും വിളംബരം ചെയ്യുന്ന ഉന്നതമായ മൂല്യങ്ങൾ സംരക്ഷിക്കപ്പെടേണ്ടതുണ്ട്.ചിന്തിക്കുന്ന ഓരോ ഇന്ത്യൻ വ്യക്തിയും നമ്മുടെ നാനാത്വത്തിലെ ഏകത്വം എന്ന മൂല്യം ഉയർത്തിപ്പിടിക്കണം.ബഹുസ്വരതയാണ് നമ്മുടെ ബൃഹത്തായ മൂല്യം.ബഹുസ്വരമായ സംസ്കാര സരിത്തുകൾ ഇന്ത്യ എന്ന ഒരേ സ്വരത്തിലേക്ക് വന്നണയുന്നതാണ് ഇന്ത്യൻ ജനാധിപത്യത്തിന്റെ കാതൽ.അതിന് നിരക്കുന്ന തരത്തിൽ ചിന്തിക്കുന്നതിനും പ്രവർത്തിക്കുന്നതിനും നമ്മുടെ വിദ്യാലയത്തിലെ കുട്ടികളും അധ്യാപകരും മുൻകൈയെടുക്കണം.ജാതി വർഗ്ഗ താല്പര്യത്തിനനതീതമായി നിലപാടുകൾ ഉറപ്പിക്കുവാൻ നമ്മുടെ വിദ്യാലയത്തിന് സാധിക്കട്ടെയെന്ന് ആശംസിക്കുന്നു.

ഇന്ത്യൻ ഭരണഘടനയുടെ എഴുപതാം വാർഷിത്തോടനുബന്ധിച്ച് സ്കൂളുകളിൽ സ്കൂൾ ഭരണ ഘടന തയ്യാറാക്കിയിട്ടുണ്ട്.വിദ്യാർത്ഥികൾക്ക് അവരുടെ കുടുംബത്തിലും സ്കൂളിലും സമൂഹത്തിലും ഉള്ള കടമകളും അവകാശങ്ങളും അവർ തന്നെ നിർവ്വചിച്ച് തയ്യാറാക്കുന്ന ഭരണഘടന അവരാൽ പാലിക്കപ്പെട്ട് ഉത്തമപൗരന്മാരായി മാറുമെന്ന് പ്രതീക്ഷിക്കാം.2019-2020 വർഷത്തിൽ ലിറ്റിൽ കൈറ്റ്സ് തയ്യാറാക്കുന്ന **ഡിജിറ്റൽ മാഗസിന്** എല്ലാവിധ ആശംസകളും നേരുന്നു.

**ഹെഡ്മാസ്റ്ററുടെ കാര്യാലയം**
**ഗവ.ഹയർ സെക്കന്ററി സ്കൂൾ കൊട്ടോടി**
**കൊട്ടോടി.പി.ഒ.,കാസറഗോഡ്.**671532.
12021kottodi@gmail.com
**ഫോൺ :** 04672224600.

# സന്ദേശം



ഹെഡ്മാസ്റ്റർ
ഷാജി ഫിലിപ്പ്

പ്രിയമുള്ളവരെ,

ഇന്ത്യൻ ഭരണഘടനയുടെ എഴുപതാം വാർഷികം ആഘോഷിക്കുന്ന ഈ വേളയിൽ കൊട്ടോടി ഗവൺമെന്റ് ഹയർസെക്കണ്ടറി സ്കൂൾ അതിന്റെ ഈ വർഷത്തെ ഡിജിറ്റൽ മാഗസിൻ അഭിമാനത്തോടെ പ്രസിദ്ധീകരിക്കുകയയണ്. സ്കൂളിന്റെ വിവിധങ്ങളായ മികവാർന്ന പ്രവർത്തനങ്ങൾക്ക് ഒരു പൊൻതൂവലാകുകയാണ് ഈ മാഗസിൻ. കുട്ടികളുടെ സർഗ്ഗവാസനകളെയും, പ്രതിഭാശേഷിയെയും വിവരസാങ്കേതിക വിദ്യയിലൂടെ പ്രോജ്ജ്വലിപ്പിച്ച് ഡിജിറ്റൽ രൂപത്തിൽ പൊതുസമൂഹത്തിന് കൈമാറുന്ന ഈ ഉദ്യമത്തിന് എന്റെ ആശംസകൾ.

# സന്ദേശം



**ബിജി ജോസഫ്.കെ**
**സീനിയർ അസിസ്റ്റന്റ്**

"ലിറ്റിൽ കൈറ്റ്സ് യൂണിറ്റിന്റെ വാർഷിക പ്രവർത്തനങ്ങളുടെ ഭാഗമായി തയ്യാറാക്കി പ്രസിദ്ധീകരിക്കുന്ന ഡിജിറ്റൽ മാഗസിന് എല്ലാവിധ ആശംസകളും നേരുന്നു.വിവരസാങ്കേതിക വിദ്യയിലൂടെ സ്വായത്തമാക്കിയ കഴിവുകൾ പ്രയോഗവൽക്കരിക്കുന്നതിനുള്ള അവസരമാണ് ഡിജിറ്റൽ മാഗസിൻ.ഭരണഘടനയുടെ എഴുപതാം വാർഷികത്തോടനുബന്ധിച്ച് അതിന് പ്രമുഖ്യം നൽകി മാഗസിൻ തയ്യാറാക്കുന്നത് സന്തോഷമുള്ള കാര്യമാണ്.കുട്ടികളുടെ കലാ–സാഹിത്യ വാസനകൾ പ്രകടിപ്പിക്കപ്പെടുന്നതിനുള്ള വേദിയാകട്ടെ ഈ മാഗസിൻ.”

# സന്ദേശം



**ബി.അബ്ദുള്ള**

**പി.ടി.എ പ്രസിഡണ്ട്**

"ഇന്ത്യൻ ഭരണഘടനയുടെ എഴുപതാം വാർഷികം ആഘോഷിക്കുന്ന ഈ വേളയിൽ കൊട്ടോടി ഗവൺമെന്റ് ഹയർസെക്കണ്ടറി സ്കൂൾ അതിന്റെ ഈ വർഷത്തെ ഡിജിറ്റൽ മാഗസിൻ പ്രസിദ്ധീകരിക്കുന്നതിൽ സന്തോഷം. സ്കൂളിന്റെ വിവിധങ്ങളായ മികവാർന്ന പ്രവർത്തനങ്ങൾക്ക് ഒരു കരുത്താകുകയാണ് ഈ മാഗസിൻ. കുട്ടികളുടെ സർഗ്ഗവാസനകളെയും, പ്രതിഭാശേഷിയെയും വിവരസാങ്കേതിക വിദ്യയിലൂടെ ഡിജിറ്റൽ രൂപത്തിൽ പൊതുസമൂഹത്തിന് കൈമാറുന്ന ഈ ഉദ്യമത്തിന് സ്കൂൾ രക്ഷാകർതൃ സമിതിയുടെ ആശംസകൾ"

# ഗവ.ഹയർ സെക്കന്ററി സ്കൂൾ കൊട്ടോടി

**<u>സ്കൂൾ വിലാസം</u>**

**ഗവ.ഹയർ സെക്കന്ററി സ്കൂൾ കൊട്ടോടി,കൊട്ടോടി.പി.ഒ**
**കാസറഗോഡ്.671532.**

**വിദ്യാഭ്യാസ ജില്ല : കാഞ്ഞങ്ങാട്**
**റവന്യൂ ജില്ല : കാസറഗോഡ്**
**ഉപജില്ല : ഹോസ്ദുർഗ്ഗ്**

**ഇമെയിൽ(ഹൈസ്കൂൾ) : 12021kottodi@gmail.com**
**ഇമെയിൽ(ഹയർസെക്കന്ററി) :14080kottodi@gmail.com**
**ഫോൺ (ഹൈസ്കൂൾ):04672224600**
**ഫോൺ (ഹയർസെക്കന്ററി):04672224699**
**സ്കൂൾ വിക്കി : https://schoolwiki.in/GHSS_KOTTODI**

**Scan these QR Codes to know more about Govt. HSS Kottodi**





# സ്കൂൾ ചരിത്രം

കാസറഗോഡ് ജില്ലയിലെ വെള്ളരിക്കുണ്ട് താലൂക്കിൽ കള്ളാർ ഗ്രാമ പഞ്ചായത്തിലെ ഏക ഗവ.ഹയർ സെക്കന്ററി സ്കൂളാണ് കൊട്ടോടി ഗവ.ഹയർസെക്കന്ററി സ്കൂൾ.കൊട്ടോടി പ്രദേശത്തെ ജനങ്ങളുടെ വിദ്യാഭ്യാസാവശ്യം നിറവേറ്റുന്നതിനായി ആരംഭിച്ച എഴുത്തു പള്ളിക്കൂടമാണ് പിന്നീട് കൊട്ടോടി സ്കൂളായി ഉയർന്നത്.മഞ്ഞങ്ങാനം കുഞ്ഞമ്പുനായർ സൗജന്യമായി നൽകിയ സ്ഥലത്താണ് സ്കൂൾ ആരംഭിച്ചത്.

1955 ജൂൺ 6 ന് ഏകാദ്ധ്യാപക വിദ്യാലയമായി ആരംഭം കുറിച്ചു.1961 ൽ എൽ.പി.വിഭാഗം ആരംഭിച്ചു. അക്കാലത്തെ പി.ടി.എ ഭാരവാഹികളുടേയും നാട്ടുകാരുടേയും ശ്രമഫലമായി ഹൈസ്കൂൾ ആരംഭിക്കുന്നതിനുള്ള സ്ഥലം വാങ്ങിച്ചു. 1980–81 ൽ ഹൈസ്കൂൾ വിഭാഗവും.1983 ൽആദ്യ എസ്.എസ്.എൽ.സി ബാച്ച് പരീക്ഷയെഴുതി. 2007 ൽ ഹയർ സെക്കന്ററി വിഭാഗവും ആരംഭിച്ചു.

കള്ളാർഗ്രാമ പഞ്ചായത്തിലാണെങ്കിലും കുറ്റിക്കോൽ, കോടോംബേളൂർ,പനത്തടി എന്നീ ഗ്രാമ പഞ്ചായത്തുകളിൽ നിന്നുമുള്ള കുട്ടികളും ഇവിടെ പഠിക്കാനെത്തുന്നു. വിദ്യാർത്ഥികളിൽ ഭൂരിഭാഗവും പട്ടികവർഗ്ഗ, പിന്നോക്ക വിഭാഗങ്ങളിൽപ്പെട്ടവരാണ്. സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന കുടുംബങ്ങളിലെ കുട്ടികളാണിവിടെ പഠിക്കുന്നവർ.

- 1955 ജൂൺ 6 ന്ഏകാംഗ വിദ്യാലയമായി കൊട്ടോടി സ്കൂൾ പ്രവർത്തനമാരംഭിച്ചു.
- 1961 ൽ എൽ.പി.സ്കൂളായി പ്രവർത്തനമാരംഭിച്ചു.
- 1980–81 ൽ ഹൈസ്കൂളായി ഉയർത്തപ്പെട്ടു.
- 1983 ൽ ആദ്യ എസ്.എസ്.എൽ.സി. ബാച്ച് പരീക്ഷയെഴുതി
- 2007 ൽ ഹയർസെക്കന്ററിയായി ഉയർത്തപ്പെട്ടു.

## സ്കൂൾ ഭൗതിക സൗകര്യങ്ങൾ

പഴയകെട്ടിടങ്ങളാണ് സ്കൂളിനുള്ളത്. ഓട് മേഞ്ഞ കെട്ടിടങ്ങളാണ് ഭൂരിഭാഗവും.പുതിയതായി എൻഡോസൾഫാൻ പാക്കേജിൽപ്പെടുത്തി 10 ക്ലാസ്സ് മുറികളുള്ള ഒരു കെട്ടിടം 25.10.2017 ന് ബഹു കാസറഗോഡ് എം.പി.പി.കരുണാകരൻ ഉദ്ഘാടനം ചെയ്തു.പതിനായിരക്കണ ക്കിന് പുസ്തകങ്ങളുള്ള ഒരു ലൈബ്രറി സ്കൂളിനുണ്ട്.പക്ഷേ അവ ശരിയായി ക്രമീകരിക്കുന്നതിനാവശ്യമായ അലമാരകളോ ആവശ്യമായ വലിപ്പമുള്ള മുറിയോ,റീഡിംഗ് റൂമിനാവശ്യമായ സൗകര്യങ്ങളോ ഇല്ല.ഹയർ സെക്കന്ററി വിഭാഗത്തിനുള്ള പുതിയ കെട്ടിടത്തിന്റെ പണി പുരോഗമിച്ചു കൊണ്ടിരിക്കുന്നു. ഹയർ സെക്കന്ററി വിഭാഗത്തിനും ഹൈസ്കൂൾ വിഭാഗത്തിനും വെവ്വേറെ കമ്പ്യൂട്ടർ ലാബുകളും ശാസ്ത്ര ലാബുകളും ഉണ്ട്.പക്ഷേ സൗകര്യം കുറവാണ്(പ്രൈമറി വിഭാഗത്തിനനുവദിച്ച ക്ലാസ്സുമുറികളിലാണ് അവ സജ്ജീകരിച്ചിരിക്കുന്നത്).ഒന്നുമുതൽ നാലു വരെ ക്ലാസ്സുകൾക്ക് ഓരോ ഡിവിഷനും അഞ്ചു മുതൽ പത്ത് വരെ ക്ലാസ്സുകൾക്ക് രണ്ട് ഡിവിഷനും വീതമാണുള്ളത്.ഹയർസെക്കന്ററി വിഭാഗത്തിൽ സയൻസ്,കൊമേഴ്സ്,ഹ്യുമാനിറ്റീസ് ബാച്ചുകൾ ഉണ്ട്.ഹൈസ്കൂൾ വിഭാഗത്തിൽ 6 ക്ലാസ്സുമുറികളും ഹയർ സെക്കന്ററി വിഭാഗത്തിൽ 6 ക്ലാസ്സുമുറികളും ഹൈടെക് പദ്ധതിയുടെ ഭാഗമായി പ്രൊജക്ടറും ലാപ്ടോപ്പും സജ്ജീകരിച്ചിട്ടുണ്ട്. ഹയർ സെക്കന്ററി ഹൈസ്കൂൾ വിഭാഗങ്ങളിലെ എല്ലാ ക്ലാസ്സ് മുറികളിലും ഇന്റർനെറ്റ് കണക്ഷൻ ഉണ്ട് .

## സ്കൂൾ ബസ്




കാഞ്ഞങ്ങാട് നിയോജകമണ്ഡലം എം.എൽ.എ ഇ.ചന്ദ്രശേഖരൻ സ്കൂളിന് അനുവദിച്ചതാണ് സ്കൂൾ ബസ്.കൊട്ടോടി പ്രദേശത്തെ കുട്ടികളുടെ യാത്രാക്ലേശം പരിഹരിക്കുന്നതിന് ഒരു പരിധിവരെ സ്കൂൾ ബസ് സഹായിച്ചിട്ടുണ്ട്.സ്കൂളിലെ ഭൂരിഭാഗം വിദ്യാർത്ഥികളും കിലോമീറ്ററുകളോളം നടന്നാണ് സ്കൂളിലെത്തുന്നത്.ബസ് ലഭിച്ചതോടെ ചെറിയ ആശ്വാസം വിദ്യാർത്ഥികൾക്ക് ലഭിച്ചു.പക്ഷേ എല്ലാ വിദ്യാർത്ഥികൾക്കും സ്കൂൾ ബസിനെ ഉപയോഗപ്പെടുത്താൻ കഴിയുന്നില്ല എന്നത് ഒരു പ്രശ്നമാണ്.ചുള്ളിക്കരയിൽ നിന്നും കുട്ടികൾ ഓട്ടോയിലാണ് സ്കൂളിലെത്തുന്നത്. ഈ വർഷം മുതൽ ആദിവാസി മേഖലയിലെ കുട്ടികളുടെ യാത്രാ പ്രശ്നം പരിഹരിക്കുന്നതിനായി ഗോത്രസാരഥി പദ്ധതി ആരംഭിച്ചിട്ടുണ്ട്.

# ഇന്ത്യൻ ഭരണഘടനയുടെ ആമുഖം

## THE CONSTITUTION OF INDIA

### WE, THE PEOPLE OF INDIA

നമ്മൾ, ഇന്ത്യയിലെ ജനങ്ങൾ,
ഇന്ത്യയെ ഒരു **പരമാധികാര**, **സ്ഥിതിസമത്വ**,
**മതനിരപേക്ഷ**, **ജനാധിപത്യ റിപ്പബ്ലിക്കായി**
സംവിധാനം ചെയ്യുന്നതിനും
ഇന്ത്യയിലെ എല്ലാ പൗരന്മാർക്കും സാമൂഹികവും
സാമ്പത്തികവും രാഷ്ട്രീയവുമായ **നീതി**,
ചിന്ത, ആശയാവിഷ്കാരം, വിശ്വാസം,
മതനിഷ്ഠ, ആരാധന എന്നിവയ്ക്കുള്ള **സ്വാതന്ത്ര്യം**,
സ്ഥാനമാനങ്ങൾ, അവസരങ്ങൾ എന്നിവയിലുള്ള
**സമത്വം** എന്നിവ ഉറപ്പുവരുത്തുന്നതിനും
വ്യക്തിയുടെ അന്തസ്സും രാഷ്ട്രത്തിന്റെ ഐക്യവും
അഖണ്ഡതയും ഉറപ്പുവരുത്തുന്ന **സാഹോദര്യം**
എല്ലാവരിലും വളർത്തുന്നതിനും
ദൃഢനിശ്ചയം ചെയ്തുകൊണ്ട്
നമ്മുടെ ഭരണഘടനാസഭയിൽവച്ച്
ഇന്ന്, 1949 നവംബർ ഇരുപത്തിയാറാം തിയതി
ഈ ഭരണഘടനയെ അംഗീകരിക്കുകയും
നിയമമാക്കുകയും നമുക്കായിത്തന്നെ
സമർപ്പിക്കുകയും ചെയ്യുന്നു.

# സ്കൂൾ ഭരണഘടന – ഗവ.എച്ച്.എസ്.എസ്. കൊട്ടോടി

## ഭാഗം ഒന്ന്

### വിദ്യാലയം - കുട്ടികളുടെ അവകാശവും കടമയും

### അവകാശങ്ങൾ

- കളിക്കാനും പഠിക്കാനുമുള്ള അവകാശം
- സൗജന്യവും നിർബന്ധിതവുമായ വിദ്യാഭ്യാസത്തിനുള്ള അവകാശം
- അവഗണനകളിൽ നിന്നുള്ള അവകാശം
- സംസാരത്തിനും ആശയപ്രകടനത്തിനുമുള്ള സ്വാതന്ത്ര്യം
- പങ്കാളിത്തത്തിനുള്ള അവകാശം
- ജാതി മത വർഗ്ഗ വർണ്ണ ചിന്തകൾക്കതീതമായി അംഗീകരിക്കപ്പെടാനുള്ള അവകാശം
- ജീവന്റെയും വ്യക്തി സ്വാതന്ത്ര്യത്തിന്റെയും സംരക്ഷണം
- അദ്ധ്യാപകരോടും വിദ്യാർത്ഥികളോടും സംസാരിക്കുന്നതിനും ആശയപ്രകടനത്തിനുമുള്ള അവകാശം
- ഏതു സംശയവും ചോദിക്കാനും ഉത്തരം ലഭിക്കുന്നതുവരെ അന്വേഷിക്കുക എന്നത് വിദ്യാർഥിയുടെ അവകാശമാണ്

### കടമകൾ

- വിദ്യാർഥിയുടെ അന്തസ്സിനും ശ്രേയസിനും അനുയോജ്യമായി പ്രവർത്തിക്കുക എന്നത് വിദ്യാർഥിയുടെ കടമയാണ്
- സ്കൂളിലെ വസ്തുക്കളെ നശിപ്പിക്കാതെ പരിസരം ശുചീകരിക്കുക
- പഠനപ്രവർത്തനത്തിലും കായികപ്രവർത്തനങ്ങളിലും കൃത്യനിഷ്ഠ പാലിക്കുക
- നിയമങ്ങൾ കൃത്യമായും സത്യസന്ധമായും ചെയ്യുക
- അദ്ധ്യാപകരെയും മുതിർന്നവരെയും സ്കൂൾ അധികൃതരെയും ബഹുമാനിക്കുക
- എല്ലാ കുട്ടികളെയും ആൺ, പെൺ, ജാതി, മത, വർഗഭേദമന്യേ സഹോദരീ– സഹോദരൻമാരായി കാണുക
- സ്കൂളിലെ എല്ലാ കാര്യങ്ങളിലും സത്യസന്ധമായി പ്രവർത്തിച്ച് സന്നദ്ധരാവുക

---

## ഭാഗം രണ്ട്

### കുടുംബം - കുട്ടികളുടെ അവകാശവും കടമയും

### അവകാശങ്ങൾ

- അഭിപ്രായപ്രകടനത്തിനുള്ള അവകാശം
- പഠിക്കാനുള്ള അവകാശം
- പ്രാഥമിക ആവശ്യങ്ങൾക്കുള്ള അവകാശം
- സ്വന്തം കാര്യം തീരുമാനിക്കാനുള്ള അവകാശം
- ബാലവേല ചെയ്യാതിരിക്കാനുള്ള അവകാശം
- വീട്ടിലെ സമത്വത്തിനുള്ള അവകാശം
- പഠനത്തോടൊപ്പം മറ്റു പ്രവർത്തനങ്ങളിൽ കൂടി പങ്കാളിയാവാനുള്ളഅവകാശം
- കുടുംബ കലഹങ്ങളിൽ കുട്ടികളെ ഉൾപ്പെടുത്താതിരിക്കാനുള്ള അവകാശം

- മാതാപിതാക്കളുടെ പരിചരണം
- തുല്യ നീതി
- പങ്കാളിത്തത്തിനുള്ള അവകാശം
- ലിംഗ വ്യത്യാസമില്ലാതെയുള്ള പരിചരണം
- അടിസ്ഥാന ആവശ്യങ്ങളായഭക്ഷണം , പാർപ്പിടം വസ്ത്രം, എന്നിവയ്കുള്ള അവകാശം

## കടമകൾ

- വീടും പരിസരവും വൃത്തിയായി സൂക്ഷിക്കുക
- വീട്ടുകാര്യങ്ങളിൽ ശ്രദ്ധ പുലർത്തൽ
- പച്ചക്കറി, മറ്റു ലളിതമായരീതിയിലുള്ള കൃഷിചെയ്യൽ
- മറ്റുള്ള കുടുംബാംഗങ്ങളെ അവഗണിക്കാതിരിക്കൽ
- മുതിർന്നവരെ ബഹുമാനിക്കുക
- മാതാപിതാക്കളും കുട്ടികളും തമ്മിൽ ആത്മബന്ധം പുലർത്തുക
- മാതാപിതാക്കളോട് കാര്യങ്ങൾ തുറന്നു സംസാരിക്കുക
- മാതാപിതാക്കളെ അനുസരിക്കുക
- അച്ചടക്കം പാലിക്കുക
- വീട്ടുകാര്യങ്ങളിൽ മാതാപിതാക്കളെ സഹായിക്കുക
- കുടുംബാംഗങ്ങളെ സംരക്ഷിക്കുക

---

# ഭാഗം മൂന്ന്

## സമൂഹം - കുട്ടികളുടെ അവകാശവും കടമയും

## അവകാശങ്ങൾ

- സമൂഹത്തിന്റെ ഐക്യവും അഖണ്ഡതയും നിലനിർത്താനുള്ള അവകാശം
- വനങ്ങളും നദികളും തടാകങ്ങളും സംരക്ഷിക്കാനുള്ള അവകാശം
- പൊതുസ്വത്ത് സംരക്ഷിക്കാനുള്ള അവകാശം
- സമൂഹത്തിൽ ഇടപെടാനുള്ള അവകാശം
- ദേശീയസേവനം അനുഷ്ഠിക്കാനുള്ള അവകാശം
- സംസാരത്തിനും ആശയപ്രകടനത്തിനുമുള്ള അവകാശം
- ആയുധങ്ങൾ കൂടാതെ സമാധാനപരമായി സമ്മേളിക്കാനുള്ള അവകാശം
- സമൂഹത്തിലെവിടെയും സഞ്ചരിക്കാനുള്ള അവകാശം
- സ്വാതന്ത്ര്യത്തോടെ ജീവിക്കാനുള്ള അവകാശം
- ആരെയും പേടിക്കാതെ ജീവിക്കാനുള്ള അവകാശം

## കടമകൾ

- സമൂഹത്തിലെ പൊതു സംവിധാനങ്ങൾ നശിപ്പിക്കാതെ സംരക്ഷിക്കുക

- ഭരണഘടനാ നിയമം നിറവേറ്റുക
- തെറ്റുകൾ തിരുത്തുക
- സാമൂഹ്യ പ്രവർത്തനങ്ങളിൽ കൃത്യനിഷ്ഠ പാലിക്കുക
- അധികാരികളെയും മുതിർന്നവരെയും ബഹുമാനിക്കുക
- പൊതുസമൂഹത്തോട് മാന്യമായി പെരുമാറുക

-------------------------------------------------------

## ഭാഗം നാല്

## ലിംഗസമത്വം - കുട്ടികളുടെ അവകാശവും കടമയും

### അവകാശങ്ങൾ

- സ്നേഹവും സുരക്ഷയും നൽകുന്ന കുടുംബത്തിന്റെയും സമൂഹത്തിന്റെയും പരിചരണം
- ആൺകുട്ടികൾക്കും പെൺകുട്ടികൾക്കുംതുല്യ അവകാശം
- വിദ്യാഭ്യാസത്തിനുള്ള തുല്യ അവകാശം
- ആൺപെൺ വ്യത്യാസമില്ലാതെ ആനുകൂല്യം നൽകുക
- ആൺപെൺ വ്യത്യാസമില്ലാതെസംരക്ഷിക്കാനും പരിചരിക്കാനുമുള്ള അവകാശം
- ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും ഒരുമിച്ച് കളിക്കാനും പഠിക്കാനുമുള്ള അവകാശം

### കടമകൾ

- സമൂഹത്തിലും വിദ്യാലയത്തിലും പൊതുമേഖലയിലുംഒരുമിച്ച് പ്രവർത്തിക്കുക
- ആൺപെൺ വ്യത്യാസമില്ലാതെ തെറ്റ് ചെയ്യുമ്പോൾ തിരുത്തിക്കൊടുക്കുക
- പരസ്പരം കൂട്ടുകാരെപ്പോലെ കാണുക

================================

"The sovereignty of scriptures of all religions must come to an end if we want to have a united integrated modern India."

–Dr.B. R. Ambedkar

## സ്കൂൾ ഭരണഘടന – നൈതികം പ്രവർത്തന റിപ്പോർട്ട്

ഇന്ത്യൻ ഭരണഘടനയുടെ 70 ാം വാർഷികത്തോടനുബന്ധിച്ച് ക്ലാസ് തലത്തിൽ സ്കൂൾ ഭരണഘടന തയ്യാറാക്കുന്നതിനുള്ള പ്രഖ്യാപനം നവംബർ 1 ന് സ്കൂൾ അസംബ്ളി ചേർന്ന് നടത്തി. തുടർന്ന് ക്ലാസ് തലത്തിൽ അവകാശ പത്രിക തയ്യാറാക്കി(നവംബർ 8). നവംബർ 11 ന് സ്കൂൾ ഭരണഘടന തയ്യാറാക്കുന്നതിനായി ഭരണഘടനാ നിർമ്മാണ സമിതിയിലേക്ക് പ്രതിനിധികളെ തെരഞ്ഞെടുത്തു. സ്കൂൾ ഭരണഘടന തയ്യാറാക്കി PTA യുടെ സാന്നിദ്ധ്യത്തിൽ നവംബർ 14 ന് സമർപ്പിച്ചു. 2019 നവംബർ 26ാം തീയ്യതി സ്കൂൾ പാർലമെന്റ് ഭരണഘടന സമിതിയോടൊപ്പം ചേർന്ന് ചർച്ച ചെയ്ത് അംഗീകരിച്ചു.

## പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞം യാഥാർത്ഥ്യമാകുമ്പോൾ

*മുഴുവൻ കുട്ടികൾക്കും അറിവിന്റെ ഉയർന്ന തലങ്ങളിലേക്ക് എത്താൻ സഹായകമായ പഠനാവസരം ലഭ്യമാക്കും.
*അവസര തുല്യത,സാമൂഹ്യനീതി,ഗുണത എന്നിവ ഉറപ്പാക്കുന്ന പഠന പരിസരവും പഠനാന്തരീക്ഷവും വികസിക്കും.
*ആധുനികസാങ്കേതികവിദ്യപ്രയോജനപ്പെടുത്തിയുള്ള മികച്ച പഠനത്തിനായി എല്ലാ ക്ലാസ് മുറികളും ഹൈടെക്ക് ആക്കും.
* സമഗ്രഗുണമേന്മാ വിദ്യാലയ ആസൂത്രണം സാധ്യമാക്കും.
* ക്ലാസ് മുറികൾ സ്മാർട്ടാകും
* അന്താരാഷ്ട്രനിലവാരത്തിലുള്ള വിദ്യാഭ്യാസിലൂടെ കേരളം അനന്യ മാതൃക സൃഷ്ടിക്കും.
*മുഴുവൻ വിദ്യാലയങ്ങളിലും ജൈവവൈവിധ്യഉദ്യാനം നിലവിൽ വരും-കാമ്പസ് തന്നെ പാഠപുസ്തകം എന്ന ആശയം സാക്ഷാത്കരിക്കും.
* ശാസ്ത്രീയമായ പ്രീസ്കൂൾ വിദ്യാഭാസം യാഥാർത്ഥ്യമാകും.
*വിദ്യാലയ പ്രവർത്തനങ്ങൾ ആകർഷകമാക്കിയും പിന്തുണ നൽകിയും കൊഴിഞ്ഞ് പോക്ക് ഇല്ലാത്ത അവസ്ഥ സൃഷ്ടിക്കും.
*പ്രത്യേക പരിഗണന ലഭിക്കുന്നതിലൂടെ പഠനത്തിൽ പിന്നാക്കം നിൽക്കുന്നവർ മുഖ്യധാരയിലെത്തുകയും കഴിവിന്റെ സാധ്യമായ ഉന്നതതലത്തിലേക്ക് എത്തിച്ചേരുകയും ചെയ്യും.
*ആദിവാസി മേഖലകളിലും മറ്റുദുർബ്ബല ജനവിഭാഗങ്ങളിലെയും കുട്ടികൾ മെച്ചപ്പെട്ട പഠനനിലകൈവരിക്കും.
* വിദ്യാഭ്യാസത്തിൽ ജനാധിപത്യവൽക്കരണം അർത്ഥപൂർണമാകും.
* ആധുനിക സൗകര്യങ്ങളുള്ള വായനശാല ,ലബോറട്ടറി എന്നിവ ഓരോ സ്കൂളിലുംഉണ്ടാകും.
*ജനകീയ സംവിധാനങ്ങളുടെ പിന്തുണയോടെ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ മെച്ചപ്പെടും.
*  വോട്ടവകാശം ലഭിക്കുന്ന പ്രയത്തിൽ തൊഴിൽ ചെയ്യാനുള്ള കഴിവ് നേടും.
* കുട്ടികളുടെ മാനസിക സംഘർഷത്തിനും പിരിമുറക്കത്തിനും അയവുവരുത്താനുള്ള കൗൺസലിങ്ങ് സൗകര്യം എല്ലാ സ്കൂളിലും ഉണ്ടാകും.
* മദ്യത്തിനും മയക്കുമരുന്നിനുമെതിരായ മനോഭാവം പുതുതലമുറയിൽ വളരും.
* പ്ലാസ്റ്റിക്ക് വിമുക്തവും കീടനാശിനിവിമുക്തവും ലഹരി വിമുക്തവും കാമ്പസ് രൂപപ്പെടും.
* കാർഷിക സംസ്കാരമുള്ള പുതുതലമുറ വളരും.
* കുട്ടികളുടെ മികവിന്റെ സമസ്തമേഖലകളുടെയും വികാസം ലക്ഷ്യമിടുന്ന പ്രവർത്തനങ്ങളിലൂടെ സർഗ്ഗപരമായ എല്ലാ കഴിവും വികസിക്കും.
* കുട്ടികൾക്ക് മൂന്ന് ഭാഷ (മാതൃഭാഷ, ഇംഗ്ലീഷ്, ഹിന്ദി)അനായാസമായി കൈകാര്യം ചെയ്യാൻ കഴിയും.
* പോതുവിദ്യാലയങ്ങളിൽ ആകമാനം മികവിന്റെ കേന്ദ്രങ്ങളായി ഉയരും.പൊതുസമൂഹത്തിന്റെ അംഗീകാരം പിടിച്ചുപറ്റും.
* ഏറ്റവും മികച്ച വിദ്യാഭ്യാസം പൊതുവിദ്യാലയങ്ങളിലൂടെ ലഭ്യമാകും.
* എല്ലാ നിയോജകമണ്ഡലത്തിലും മാതൃകാ ഓട്ടിസം പാർക്കുകൾ യാഥാർത്ഥ്യമാകും.
* മുഴുവൻ കുട്ടികളും നീന്തൽ പരിശീലിക്കും. ഇതിനു സഹായകമായ സൗകര്യങ്ങൾ ലഭ്യമാക്കും.
* പൊതുവിദ്യാഭ്യാസ മേഖലയിലെ എല്ലാ സ്ഥാപനങ്ങളും ഗ്രീൻ പ്രോട്ടോക്കോൾ പാലിച്ച പ്രവർത്തിക്കും.
* കാലാവസ്ഥ വ്യതിയാനമടക്കമുള്ള പാരിസ്ഥിതിക പ്രശ്നങ്ങൾ നേരിടുന്നതിന് സഹായകമായ മനോഭാവം സൃഷ്ടിക്കും.പ്രാദേശിക തലത്തിൽ പ്രവർത്തനങ്ങൾ ഏറ്റെടുക്കും.

SHELLY JOSE
STD.9

# Plastic Pollution

Our earth will be damaged by plastic. plastic pollution is a global issue. Still The humans addicted by plastic. Plastic is not a eco-friendly item. It's also affected by our nature. Plastic is also very familiar. At first we all welcomed plastic. It's one of the important think of our lifestyle. We are not bothered about the plastics and plastic pollution. When we are breath plastic it's caused cancer. Ozone damaged, main reason is plastic pollution.



There are many pollutions like sound pollution, air pollution etc. But the plastic pollution is very dangerous than Other pollutions. The soil and water also polluted by plastic. The plastic problems is affected to the ordinary people. Many people are died by breathing polluted air. The Political leaders are not bothered about these problems. They are support the plastic. There are many many sources of plastics. Today plastic pollution is became a serious issue. The coming generation will suffer by plastic. We should protect our coming generation. There are many ways to survive from plastic. First of all we should be echo-friendly. We should leave plastic. It's the only way to save our Nature and our Earth.

# അവഗണിക്കപ്പെടുന്ന മാതൃത്വം - ലേഖനം



ഇന്ന് വളരെ സമകാലിക പ്രസക്തിയുള്ള ഒരു വിഷയമാണ് അവഗണിക്കപ്പെടുന്ന മാത്രത്വം.ഇന്നത്തെ ഈ ആധുനിക കാലഘട്ടത്തിൽ ക്രമേണ വൃദ്ധസദനങ്ങളുടെ എണ്ണം വർധിച്ചു വരുകയാണ്. സ്വന്തം മക്കൾ തന്നെ മാതാപിതാക്കളെ ഉപേക്ഷിക്കുന്നു ഒരു പ്രവണതയാണ് കാണാൻ സാധിക്കുന്നത്.തന്റെ ശക്തിതന്നെ അവരാണെന്നാരും മനസിലാക്കുന്നില്ല. എല്ലാവർക്കും സ്വയം ഒരു നല്ല നിലയിൽ എത്തുന്നതുവരെ മാത്രമേ അവരെ ആവശ്യമുള്ളു. അതുകഴിഞ്ഞാൽ ഭാര്യയും,മക്കളും അടങ്ങുന്നതാണ് അവരുടെ ലോകം.അമ്മയുടെ സമീപം അൽപ്പസമയം ചിലവഴിക്കാൻ പോലും അവൻ ആഗ്രഹിക്കുന്നില്ല.സ്വന്തം മാതാവിനെ സനേഹിക്കാനും പരിപാലിക്കാനും തയ്യാറാക്കുന്ന മക്കള് ഇന്ന് വിളമാണ്. വൃദ്ധസദനങ്ങളിലും, അമ്പലനടകളിലും,വഴിയോരത്തും അമ്മയെ ഉപേക്ഷിക്കുകയാണ് മക്കൾ.എന്നാൽ അവരുടെ സാമിപ്യം ഇല്ലാതായാൽ കൂടി അമ്മ ഒരിക്കലും മക്കളെവെറുക്കുകയോ ഇഷ്ട്ടപ്പെടാതിരിക്കുകയോ ചെയ്യുന്നില്ല.എവിടെയായിരുന്നാലും മക്കൾ സുഖമായിരിക്കണമെന്നാണ് ഏതൊരമ്മയും ആഗ്രഹിക്കുന്നത്.അമ്മ ഏതവസ്ഥയിലാണെങ്കിലും മക്കളെ കുറിച്ച് മാത്രമേ ചിന്തിക്കാറുള്ളു. എന്നാൽ മക്കൾ അമ്മയെ ഓർക്കാൻ പോലും മറന്നു പോകുന്നു എന്നത് വളരെയേറെ വിഷമത ജനിപ്പിക്കുന്ന ഒന്നാണ്.

ഇന്നത്തെ ഈ കാലഘട്ടത്തിൽ സമൂഹത്തിൽ വർധിച്ചു വരുന്ന ഒന്നാണ് വൃദ്ധസദനങ്ങൾ.മക്കൾ ഭൂരിഭാഗം പേരും അച്ഛനമ്മമ്മാരെ ഉപേക്ഷിക്കുന്നത് ഇവിടങ്ങളിലാണ്.ഇന്നത്തെ സാഹചര്യത്തിൽ മക്കൾ കൂടുതലായി വസന്തങ്ങളുടെ എണ്ണത്തിൽ ഗണ്യമായ വർധനവാളുള്ളത് ഏതൊരു വ്യക്തിയുടെയും വിജയത്തിന്റെ പിറകിൽ ഒരു മാതാവുണ്ടാകും. മാതാവിന്റെ പരിശ്രമമുണ്ടാക്കും കൂടാതെ ഒരു വ്യക്തിയെ നല്ല ഒരു വ്യക്തിത്ത്വമാക്കുന്നതിനാൽ ഏറിയപങ്കും അമ്മതന്നെയാണ്. അമ്മയെ തന്റെ ജീവിതത്തിൽ നിന്നും തന്നെ അടർത്തിമാറ്റിയാൽ ആ മക്കൾക്ക് അതിന്റെ ഭവിഷത്ത് തീർച്ചയായും അനുഭവിക്കേണ്ടതായി വരും.

ഇന്നത്തെ ഈ പുതു തലമുറയ്ക്ക് മാതൃത്വത്തിന്റെ വിലയെന്തെന്ന് മനസിലാകുന്നില്ല എന്നതാണ് യഥാർഥ്യം അതുകൊണ്ടുതന്നെയാണ് അവർ വൃദ്ധസദനങ്ങളിലും മറ്റും അമ്മമ്മാരെ ഉപേക്ഷിക്കുന്നത്.ഇനി വരുന്ന തലമുറയങ്കിലും മാതൃത്വത്തിന്റെ വിലയെന്തന്ന് മനസിലാക്കണം.കൂടാതെ നാമോരോരുത്തരും മാതാവ് തന്റെ ജീവിതത്തിന്റെ ഭാഗമാണെന്ന യാഥാർത്വം മനസിലാക്കി അവരെ സനേഹിക്കുകയും,പരിപാലിക്കുകയും ചെയ്യുക..

==========================

Krishnapriya
9.A

ശാരിക.പി


## ആര്യഭടൻ



ഭാരതത്തിലെ ഏറ്റവും പ്രശസ്തനായ ഗണിത ശാസ്ത്രജ്ഞനാണ് ആര്യഭടൻ. ക്രിസ്തുവർഷം 476 ൽ ജനിച്ച ഇദ്ദേഹം കേരളീയനാണെന്ന് അനുമാനിക്കുന്നു. ആര്യഭടീയം ആണ് പ്രഖ്യായമായ കൃതി. 121 ശ്ലോകങ്ങളുള്ള ഈ കൃതിയിൽ സംഖ്യകളെക്കുറിച്ചും,ഗണിത സിദ്ധാന്തങ്ങളെയും ആശയങ്ങളെ കുറിച്ചും, ദിവസങ്ങളെയും വർഷ-മാസങ്ങളെയും കുറിച്ച് പ്രതിപാദിക്കുന്നു. ഉരു ഗ്രഹത്തിന്റെ സ്ഥാനം കണ്ടെത്താനുള്ള രീതി അദ്ദേഹം വികസിപ്പിച്ചെടുത്തു. പൈയുടെ വില 3.14 ആണെന്ന് കണ്ടെത്തിയത് ആര്യഭടനാണ്. ആര്യഭടസിദ്ധാന്തം എന്ന മറ്റൊരു കൃതി കൂടി അദ്ദേഹം രചിച്ചതായി കണക്കാക്കുന്നു. ഇദ്ദേഹത്തോടുള്ള ബഹുമാനാർത്ഥമാണ് ഇന്ത്യയുടെ ആദ്യ കൃത്രിമ ഉപഗ്രഹത്തിന് ആര്യഭട്ട എന്ന പേരു നൽകിയത്.


ഫാത്തിമത്ത് ഷഹാന ഷെറിൻ
10ബി

# ആൽബർട്ട് ഐൻസ്റ്റൈൻ




ആധുനിക ഭൗതിക ശാസ്ത്രത്തിന്റെ പിതാവ് എന്നറിയപ്പെടുന്ന ആൽബർട്ട് ഐൻസ്റ്റൈൻ 1897 മാർച്ച് 14 ന് ജർമ്മനിയിലെ ഉലമിൽ ജനിച്ചു. ഇദ്ദേഹത്തിന്റെ പിതാവ് ഹെർമൻ ഐൻസ്റ്റൈൻ ഒരു ഇലക്ട്രോണിക് കട ഉടമയായുരുന്നു. അമ്മ പൗളിൻ നല്ല വിദ്യാഭ്യാസം നേടിയ സ്ത്രീയായിരുന്നു. ഒരു വയസ്സുള്ളപ്പോൾ കുടുംബം മ്യൂണിക്കിലേക്ക് താമസം മാറ്റി. ലജ്ജാ ശീലനും സ്വപ്ന ജീവിയുമായിരുന്നു ഐൻസ്റ്റൈൻ. അമ്മ മനോഹരമായി പിയാനോ വായിക്കുമായിരുന്നു. 1933 ൽ ഹിറ്റലറുടെ ക്രൂരതകൾ മൂലം ഐൻസ്റ്റൈൻ യൂറോപ്പ് വിട്ടു. അമേരിക്കയിലെ പ്രസ്റ്റണിൽ കുടിയേറി. അഋതിനു ശേഷം ലോകത്തെ തന്നെ മാറ്റി മറിച്ച $E= mc^2$ എന്ന സമവാക്യം കണ്ടെത്തി. 1955 ൽ ഈ ലോകപ്രതിഭ പ്രിസ്റ്റൺ ആശുപത്രിയിൽ വച്ച് ഉറക്കത്തിൽ മരണപ്പെട്ടു.

# കാൾ ഫ്രെഡറിക് ഗോസ്സ്



കാൾ ഫെഡറിക് ഗോസ്സ് 1777 ഏപ്രിൽ 30 ന് ജർമ്മനിയിൽ ജനിച്ചു. “ഗണിത ശാസ്ത്രത്തിലെ രാജകുമാരൻ എന്നാണ് അദ്ദേഹം അറിയപ്പെടുന്നത്. അസന്തുഷ്ടമായ ജീവിതാന്തീക്ഷത്തിലായിരുന്നു ബാല്യകാലം. എങ്കിൽപ്പോലും അസാധാരണമായ കഴിവ് ഇദ്ദേഹം പ്രകടിപ്പിച്ചിരുന്നു. 7-ാമത്തെ വയസ്സിൽതന്നെ ഇദ്ദേഹം തന്റെ വൈദഗ്ദ്ധ്യം തെളിയിച്ചു. അദ്ധ്യാപകരെ വരെ അത്ഭുതപ്പെടുത്തി 1 മുതൽ 100 വരെയുള്ള സംഖ്യകളുടെ തുക അദ്ദേഹം നിഷ്പ്രയാസം കണ്ടെത്തി. അത് ഇപ്രകാരമായിരുന്നു. 1+100=101, 2+99=101 തുടങ്ങി സംഖ്യകളെ 50 ജോടികളാക്കി. ശേഷം 50x101=5050 എന്ന വഴി സ്വീകരിച്ചു. ഈ സംഭാവനയാണ് അദ്ധ്യാപകരെ അമ്പരപ്പിച്ചത്. പക്ഷേ പിതാവാകട്ടെ തന്റെ കുലതൊഴിൽ അഭ്യസിപ്പിക്കാനാണ് അദ്ദേഹം ഇഷ്ടപ്പെട്ടത്.

അതിനാൽ പുത്രന്റെ കഴിവുകളും സിദ്ധികളും പിതാവിനാൽ പരിപോഷിക്കപ്പെട്ടില്ല. എന്നാൽ മാതാവ് ഇദ്ദേഹത്തിന്റെ ആഗ്രഹത്തിനനുസരിച്ച് പ്രവർത്തിക്കുകയും ബ്രൗൺഷ്വിഗിലെ പ്രഭുവിനാൽ വിശിഷ്ടാംഗത്വം നേടുകയും ഉണ്ടായി. സ്വാതന്ത്ര്യമായി ഇദ്ദേഹം നടത്തിയ പഠനങ്ങൾ പ്രധാനപ്പെട്ടവയാണ്. വശങ്ങളുടെ ഫെർവെറ്റ് അഭാജ്യം ആയ ഏതൊരു ബഹുഭുജവും കോംപസ് ഉപയോഗിച്ച് നിർമ്മിക്കാൻ സാധിക്കുമെന്ന് ഗോസ്സ് തെളിയിച്ചു. 17 വശങ്ങളുള്ള ബഹുഭുജത്തെ തന്റെ ശവകുടീരത്തിൽ വയ്ക്കാമെന്ന് അഭ്യർത്ഥിച്ചുവെന്നത്രെ... അദ്ദേഹത്തിന്റെ അഭാജ്യ സംഖ്യാ സിദ്ധാന്തം വളരെ വിലയേറിയ ഒരു സംഭാവനയാണ്. 1885 ഫെബ്രുവരി 23 തന്റെ 77 -ാം വയസ്സിൽ അദ്ദേഹം ഈ ലോകട് വിടപറഞ്ഞു.

**മേഘ മാത്യു,10 എ**

# ജീവിതം



ജീവിതം ഒരു തരം കിട്ടാത്ത ചോദ്യം
പോലെ അവശേഷിക്കുന്നു.
ജീവിതത്തിന്റെ കാലചക്രം നമ്മുടെ
കൈകളിലല്ല നിലനിൽക്കുന്നത്.
ഒരു വ്യക്തിയുടെ ജനനമോ മരണമോ
ഒരിക്കലും മുമ്പേ നിശ്ചയിച്ചിട്ടില്ല.
ജീവിതമാകുന്ന വാഹനവളയം
നമ്മുടെ കൈകളിലല്ല.
ജീവിതമാകുന്ന വളയം ചവിട്ടു-
കയാണ് ഏവരും
ജീവിതത്തിൽ തെറ്റു ശരിയുമുണ്ട്.
തെറ്റു സ്വീകരിക്കുന്നവർ തെറ്റിലേക്കും
ശരി ചെയ്യുന്നവർ ശരിയിലേക്കും നീങ്ങുന്നു.

അഭിരാമി.എൻ.വി,9എ

## പഴഞ്ചൊല്ലുകൾ

1. ആറ്റിൽ കളഞ്ഞാലും അളന്നുകളയണം.
2. ഇരിക്കും കൊമ്പ് മുറിക്കരുത്.
3. ഉത്സാഹമുണ്ടെങ്കിൽ അത്താഴമുണ്ണാം.
4. എറിഞ്ഞ കല്ലും പറഞ്ഞ വാക്കും തിരിച്ചെടുക്കാനാവില്ല.
5. ഒഴുക്കുവെള്ളത്തിൽ അഴുക്കില്ല.
6. കണ്ടാലറിയാത്തവൻ കൊണ്ടാലറിയാം.
7. കാള പെറ്റെന്നു കേട്ട് കയറെടുക്കരുത്.
8. കൈനനയാതെ മീൻ പിടിക്കുക.
9. കോരിയ കിണറ്റിലെ ഉറവുള്ളൂ.
10. അച്ചൻ ആനപ്പുറം കയറിയാൽ മകന് തഴമ്പുണ്ടാകുമോ.

## കടങ്കഥകൾ

1. ഈച്ച തൊടാത്തൊരിറച്ചിക്കഷ്ണം. ( തീക്കട്ട )
2. എല്ലാ കാളയ്ക്കും മണ്ടയ്ക്കു കൊമ്പ് എന്നുടെ കാളയ്ക്കു പള്ളയ്ക്കു കൊമ്പ്. ( കിണ്ടി )
3. ഒറ്റക്കാലൻ രാജാവിന് ഓടാക്കുതിരകൾ രണ്ടുണ്ട്. ( കുട )
4. കണ്ടം കണ്ടം കണ്ടിക്കും കണ്ടം പോലും തിന്നില്ല. ( കത്രിക )
5. കാക്കയ്ക്കും കോഴിക്കും വേണ്ടാത്ത വിത്ത് വെള്ളത്തിലിട്ടാൽ കാണാത്ത വിത്ത്. ( ഉപ്പ് )
6. കിടന്നാൽ നെഞ്ചിനു മീതെ നടന്നാൽ തലയ്ക്കു മീതെ. ( ആകാശം )
7. കൂകി വിളിച്ചിട്ടോടി വരുമ്പോൾ ഒരുപാടിറക്കം ഒരുപാടേറ്റം ( തീവണ്ടി )
8. കൊമ്പൻ കാള ഇഴഞ്ഞു വരുന്നു പിടിക്കാൻ ചെന്നാൽ കൊമ്പില്ല. ( ഒച്ച് )
9. ഞാൻ പെറ്റകാലം മീൻപെറ്റ പോലെ മീൻപെറ്റ കാലം ഞാൻ പെറ്റപോലെ. ( തവള )
10. ഞെട്ടില്ലാ വട്ടയില. ( പപ്പടം )

പെട്ടെന്ന് ഉത്തരം കണ്ടെത്താൻ കഴിയാത്തതും ഗൂഢമായ അർത്ഥം ഉള്ളതുമായ ചെറിയ ചോദ്യങ്ങളാണ് കടങ്കഥകൾ. (ഇംഗ്ലീഷ്: Riddle). അല്പം ചിന്തിക്കാതെ സൂക്ഷ്മാർത്ഥം ഗ്രഹിക്കാൻ സാധ്യമല്ലാത്ത ചോദ്യങ്ങളോ ഉത്തരങ്ങളോ ആയ ഇത്തരം കടങ്കഥകൾക്ക് ലോകത്തിലെല്ലായിടത്തും പ്രചാരമുണ്ട്. കടങ്കഥകൾ ഒരു സാഹിത്യ വിനോദം കൂടിയാണ്. അഴിപ്പാൻകഥ, തോൽക്കഥ എന്നീ പേരുകളും ഉണ്ട്.

കഥ

ജന്യ.പി.ബി, 9ബി


## മുത്തശ്ശിമാവിനുമുണ്ടൊരു കഥ

കൂട്ടുകാരേ ഞാനാണ് നിങ്ങളുടെ മുത്തശ്ശിമാവ് നിങ്ങളെ പോലെയുള്ളൊരു കുട്ടിക്കാലം എനിക്കുമുണ്ടായിരുന്നു. നിങ്ങൾക്കുവേണ്ടി ഞാനാ കഥ പറയാം.


ഒരിക്കൽ വിശാലമായ കുന്നിമ്മുകളിൽ എന്നെപ്പോലുള്ളൊരു മുത്തശ്ശിമാവുണ്ടായിരുന്നു. അവിടെയാണ് ഞാൻ പൂത്ത് മാങ്ങയായത്.അവിടെ എനിക്ക് ഒരുപാട് കൂട്ടുകാരേ കിട്ടി. അവിടെവെച്ച് ഞങ്ങൾ സന്തോഷത്തോടെ കളിച്ചും നിൽക്കുമ്പോൾ ആ ചില്ലകളിൽ ഒരുപാട് അണ്ണാൻക്കൂട്ടുകാരും പക്ഷിക്കൂട്ടുകാരും വന്നെത്തും. അവരുടെ വരവിന്റെ ഉദ്ദേശം തന്നെ ഞങ്ങളെ ഭക്ഷിക്കാനും ആപത്തുകളിൽ നിന്നും രക്ഷനേടാനുംക്രൂടിയാണ്. അതൊന്നും ഞാൻ കാര്യമാക്കുന്നില്ല കൂട്ടുകാരേ. പക്ഷേ എന്നെ വേദനിപ്പിച്ച മറ്റൊരു കാര്യമുണ്ട്. വികൃതികളായ കൊച്ചുകുട്ടികൾ മാവിന്മേലുണ്ടായ ഞങ്ങളെയെല്ലാം കൂടാതെ അതിൽ വസിച്ചിരുന്ന അണ്ണാൻ,പക്ഷിക്കൂട്ടുകരെ ഓടിച്ച ഞങ്ങളെ ഭക്ഷണമാക്കി എല്ലായിടത്തും വലിച്ചിട്ടു. അവിടെ ആരുടെയും ശ്രദ്ദയും കരുതലുമില്ലാതെ ഞാൻ വളർന്നു. കൂട്ടുക്കാർക്കറിയാമോ മനുഷ്യരായ നിങ്ങൾ പ്രകൃതിയിലെ വളക്കൂറുള്ള മണ്ണ്, ജലം,ശുദ്ധവായു എന്നിവ പണത്തിനു വേണ്ടി നശിപ്പിക്കുന്നു. അതു തന്നെയാണ് എനിക്ക് വളരാൻ സഹായിച്ചത്. അങ്ങനെ ഒരിടത്ത് വീണതിൽ എനിക്ക് സന്തോഷമുണ്ട്. എന്നാലും മറ്റുള്ളവരെ ഉപദ്രവിക്കാതെ ജീവിക്കുന്ന പക്ഷി മൃഗാതികളെ എന്തിനാണ് ഓടിപ്പിക്കുന്നത്. ഈ സങ്കടം മനസ്സിൽ എപ്പോഴും വേദനയായിട്ടുണ്ട്. ഇങ്ങനെ എന്റെ ജീവിതയാത്ര തുടരുന്നതിനിടയിലാണ് എന്റെ തണലിനടുത്തൊരു വീട് വന്നുചേരുന്നത്. സാധാരണക്കാരായ അവരും അവരുടെ മക്കളും എന്റെ തണലിൽ സന്തോഷത്തോടെ ജീവിച്ചു. ഇതിനിടയിലാണ് അവർക്ക് ജീവിതത്തിൽ വലിയ ഒരു പ്രതിസന്ധി കടന്നു വരുന്നത്. എന്തിനോ വേണ്ടിയടുള്ള പണമായിരുന്നു അവർക്കാവശ്യം. ജോലി ചെയ്യാനുള്ള കരുത്തും ചങ്കുറപ്പും ഉണ്ടായിട്ടും അവർ എന്നെ വിറ്റ് കാശാക്കി. ആ പ്രതിസന്ധിയെ നിസാരമാക്കി തീർത്തു. കൂട്ടുകാരെ ഞാൻ ഒന്ന് ചോദിച്ചോട്ടെ ? നിങ്ങൾക്ക് ജീവിക്കാൻ ഈശ്വരൻ എല്ലാ കഴിവുകളും ആരോഗ്യവും നൽകി.


എന്നിട്ടും എന്തിനാണ് എന്നെപ്പോലുള്ള മരങ്ങളെ വെട്ടിമുറിക്കുന്നത്? എല്ലാ മരങ്ങളുടെയും ഉള്ളിൽ ഒന്നു മാത്രമാണ്. എന്തെന്നാൽ തനിക്ക് എത്ര വേദനിച്ചാലും മറ്റുള്ളവർ സന്തോഷത്തോടെ കഴിയാൻ തങ്ങളാൽ കഴിയുന്ന സഹായം ചെയ്യണമെന്ന ഒരാഗ്രഹം മാത്രം. എന്നിട്ടുമെന്താ നിങ്ങൾ ഇതൊന്നും മനസ്സലിലാക്കാത്തത്. പ്രകൃതിയിലെ സ്നേഹവും സത്യസന്ധതയും ധർമ്മവുമുള്ള മനുഷ്യരായി മാറാൻ ശ്രമിക്കാത്തത്. ഞാൻ ഒന്നു പറയാം നിങ്ങൾ നിങ്ങളുടെ സുഖത്തിനായി ചെയ്യുന്ന പ്രവൃത്തികൾ നിങ്ങൾക്കു തന്നെ ദുരന്തമായി വന്നു ചേരും. ഇങ്ങനെയുള്ള കാര്യങ്ങൾ ചെയ്യുമ്പോൾ ഒന്നോർക്കുക. പ്രകൃതിയിൽ മനുഷ്യർ മാത്രമല്ല, മറ്റു ജന്തുജാലങ്ങൾക്കും ജീവിക്കാൻ അവകാശമുണ്ട്. ഈ ലോകമാകുന്ന പ്രപഞ്ചത്തിൽ മനുഷ്യർ എന്നു പറയുന്നത് നിസാരമായ ജന്തുവാണ്. അതിനാൽ ക്രൂരചിന്തകൾ വെടിഞ്ഞ് പ്രകൃതിയെ സംരക്ഷിക്കാൻ പഠിക്കുക. ഇപ്പോൾ മനസ്സിലായില്ലേ കൂട്ടരേ എന്നെപ്പോലുള്ള മരങ്ങൾക്കുണ്ടാകുന്ന അവസ്ഥയും അവർക്കുള്ള സങ്കടവും ഉപദേശവും.


# ചിത്ര ജാലകം



ഗൗതം കൃഷ്ണ.ബി [9-ാം തരം]


കിരൺ കുമാർ.ടി[9-ാം തരം]


അർജ്ജുൻ.കെ.പി [9-ാം തരം]


ആദിത്യൻ.എം [9-ാം തരം]


കിരൺ കുമാർ.ടി [9-ാം തരം]


ഗൗതം കൃഷ്ണ.ബി [9-ാം തരം]

## സ്കൂൾ വാർഷിക റിപ്പോർട്ട് 2019–2020

## ഗവ.ഹയർ സെക്കന്ററി സ്കൂൾ കൊട്ടോടി

കാസറഗോഡ് ജില്ലയിലെ വെള്ളരിക്കുണ്ട് താലൂക്കിൽ ഉൾപ്പെടുന്ന കള്ളാർ ഗ്രാമ പഞ്ചായത്തിലെ ഏക ഗവ.ഹയർസെക്കന്ററി സ്കൂളാണ് കൊട്ടോടി ഗവ.ഹയർസെക്കന്ററി സ്കൂൾ.പ്രകൃതി രമണീയമായ കൊട്ടോടി പുഴയുടെ തീരത്തെ കൊട്ടോടി ടൗണിനോട് ചേർന്നാണ് സ്കൂൾ സ്ഥിതി ചെയ്യുന്നത്.കാഞ്ഞങ്ങാട് വിദ്യാഭ്യാസ ജില്ലയിലെ ഹോസ്ദുർഗ്ഗ് ഉപജില്ലയിലാണ് സ്കൂൾ ഉൾപ്പെടുന്നത്.സ്കൂളിൽ ഒരു അധ്യയനവർഷം നടപ്പിലാക്കിയ പ്രവർത്തനങ്ങളാണ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

**സ്കൂൾ പ്രവേശനോത്സവം – സ്കൂൾ തല ഒരുക്കങ്ങൾ**

05.06.2019 ന് സ്കൂൾ എസ്.ആർ.ജി യോഗം ചേർന്ന് പ്രവേശനോത്സവവുമായി ബന്ധപ്പെട്ട നടത്തേണ്ട പ്രവർത്തനങ്ങൾ ചർച്ച ചെയ്ത് തീരുമാനിച്ചു.

- പ്രവേശനോത്സവം 2019 ഗ്രീൻ പ്രോട്ടോക്കോൾ അനുസരിച്ച് കുട്ടികളുടെ മികവ് പ്രവർത്തനങ്ങളുടെ അവതരണത്തോടുകൂടി നടത്താൻ തീരുമാനിച്ചു.
- ഒന്നാം ക്ലാസ്സിലെയും പ്രീ പ്രൈമറി ക്ലാസ്സിലെയും കുട്ടികൾക്ക് പഠന കിറ്റ് അദ്ധ്യാപകരും വർണ്ണക്കുടകൾ പി.ടി.എ പ്രസിഡണ്ട് ബി.അബ്ദുള്ളയും നൽകാൻ തീരുമാനിച്ചു.
- കുരുത്തോലകൾ ഉപയോഗിച്ച് സ്കൂൾ അലങ്കരിക്കാൻ തീരുമാനിച്ചു.

**പ്രവേശനോത്സവം 2019**

കൊട്ടോടിസ്കൂൾ പ്രവേശനോത്സവം 6–6–19 ന് രാവിലെ 10 മണിക്ക് ആരംഭിച്ചു. ചെണ്ടമേളത്തിന്റെ അകമ്പടിയോടെ മുഴുവൻ കുട്ടികളും രക്ഷിതാക്കളും ഹാളിലേക്ക് പ്രവേശിച്ചു.പരിപാടിയുടെ ആങ്കറിങ് ഇംഗ്ലീഷ്, ഹിന്ദി, ഭാഷകളിൽ കുട്ടികൾ അവതരിപ്പിച്ചു എന്നതാണ് പരിപാടിയുടെ മികവ്. 10B ക്ലാസിലെ അരവിന്ദ് ഇംഗ്ലീഷിലും 9B ക്ലാസിലെ ആദിഷ ഹിന്ദിയിലൂടെയാണ് അവതരണം നടത്തിയത്. സ്കൂൾ പി.ടി.എ വൈസ്പ്രസിഡന്റിന്റെ അദ്ധ്യക്ഷതയിൽ ചേർന്നയോഗം പി.ടി.എ പ്രസിഡന്റ് ഉദ്ഘടനം ചെയ്തു.

കോമഡി ഉത്സവം ഫെയിം ശ്രീ രവി കോട്ടോടി മുഖ്യാതിഥിയായി പങ്കെടുത്തു. അദ്ദേഹം ആലപിച്ച ഗാനം പരിപാടിയെ മിഴിവുറ്റതാക്കി.ഒന്നാം ക്ലാസിൽ പുതുതായി ചേർന്ന കുട്ടികൾ ദീപം തെളിയിച്ച് പഠന കിറ്റും,ബാഗും പി.ടി.എ പ്രസിഡന്റിൽ നിന്നും ഏറ്റുവാങ്ങി. തുടർന്ന് വർണ്ണക്കുടകൾ വിതരണം ചെയ്തു. SMC ചെയർമാൻ അദ്ധ്യാപക പ്രതിനിധികൾ ആശംസകൾ നേർന്നു.യോഗത്തിൽവച്ച് മുഴുവൻ കുട്ടികൾക്കും മധുരം നൽകി.തുടർന്ന് പായസം വിതരണം ചെയ്തു.

**അവധിക്കാല പ്രവർത്തനങ്ങൾ**

സ്കൂൾ തുറക്കുന്നതിന്റെ മുന്നോടിയായി രക്ഷാകർതൃസമിതിയുടെയും അദ്ധ്യാപകരുടെയും കൂട്ടായ പ്രവർത്തനത്തിലൂടെ സ്കൂളും പരിസരവും വൃത്തിയാക്കുകയും അലങ്കരിക്കുകയും ചെയ്തു.

**പാഠപുസ്തക വിതരണം**

പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെയും പൊതുവിദ്യാഭ്യാസ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിന്റെയും ഭാഗമായി സർക്കാർ അവധിക്കാലത്തു തന്നെ പാഠപുസ്തകങ്ങൾ സ്കൂളുകളിൽ എത്തിക്കുകയുണ്ടായി.ലഭ്യമായ പുസ്തകങ്ങൾ സ്കൂൾ പുസ്തക സഹകരണ സംഘത്തിന്റെ ചുമതലയുള്ള മധുസൂദനൻ മാസ്റ്ററുടെ നേതൃത്വത്തിൽ അവധിക്കാലത്തു തന്നെ കുട്ടികൾക്ക് വിതരണം ചെയ്തു.

**സന്നദ്ധതാ പ്രവർത്തനങ്ങൾ**

കുട്ടിയെ അറിയാൻ – ഭവനസന്ദർശനം

എല്ലാ വർഷവും വിദ്യാർത്ഥികളുടെ പഠന സൗകര്യങ്ങളും വീട്ടിലെ പഠനപ്രവർത്തനങ്ങളും നേരിട്ടറിഞ്ഞ് മനസ്സിലാക്കാൻ ഹൈസ്കൂൾ വിഭാഗത്തിലെ എല്ലാ അദ്ധ്യാപകരും ജൂൺ മാസത്തിൽ വിദ്യാർത്ഥികളുടെ ഭവന സന്ദർശനം നടത്താറുണ്ട്.അതിന്റെ ഭാഗമായി ശേഖരിക്കുന്ന വിവരങ്ങളെ സ്റ്റാഫ് കൗൺസിൽ ചേർന്ന് ക്രോഡീകരിച്ച് റിപ്പോർട്ട് ഹെഡ്മാസ്റ്റർക്കും പി.ടി.എ കമ്മിറ്റിക്കും കൈമാറുന്നു.തുടർന്ന് ചർച്ചകളുടെ അടിസ്ഥാനത്തിൽ സ്കൂളിനാകുന്ന വിധത്തിലുള്ള സഹായം കുട്ടികൾക്ക് ചെയ്ത് കൊടുക്കുന്നു.പ്രാദേശിക ഭരണകർത്താക്കളെയും ഇതിന്റെ ഭാഗമായി സഹകരിപ്പിക്കുകയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും ആവശ്യമുള്ള സഹായം അർഹതപ്പെട്ട വിദ്യാർത്ഥികൾക്ക് ലഭ്യമാക്കുന്നതിനുള്ള പ്രവർത്തനങ്ങൾക്ക് സ്കൂൾ സ്റ്റാഫ് കൗൺസിൽ നേതൃത്വം വഹിക്കുകയും ചെയ്യുന്നു. കൂടാതെ രക്ഷിതാക്കൾക്ക് കുട്ടികളുടെ പഠനപ്രവർത്തനങ്ങളിൽ ഫലപ്രദമായി ഇടപെടുന്നതിനുള്ള നിർദ്ദേശങ്ങളും ബോധവൽക്കരണക്ലാസ്സുകളും നൽകുന്നു. ക്ലാസ്സ് പി.ടി.എ ഫലപ്രദമായി സംഘടിപ്പിക്കുന്നതിനും ഏകോപിപ്പിക്കുന്നതിനും ഇതിലൂടെ കഴിയുന്നു.

**മോർണിംഗ് & ഈവനിംഗ് ക്ലാസ്സ് , ശനിയാഴ്ചകളിലെ സ്പെഷ്യൽ ക്ലാസ്സ്**

ഹൈസ്കൂൾ വിഭാഗം വിദ്യാർത്ഥികൾക്ക് കൂടുതൽ പഠന മണിക്കൂറുകൾ ലഭിക്കുന്നതിനായും പഠനാനുബന്ധ പ്രവർത്തനങ്ങൾക്കും പഠന പരിഹാര പ്രവർത്തനങ്ങൾക്കുമായി രാവിലെയും വൈകുന്നേരവും ഓരോ മണിക്കൂറും കൂടാതെ ശനിയാഴ്ചകളിലും എസ്.ആർ.ജി. തീരുമാനപ്രകാരം ടൈംടേബിൾ തയ്യാറാക്കി ക്ലാസ്സുകൾ നൽകുന്നു.

**ജൂൺ 26 ലോക ലഹരി വിരുദ്ധ ദിനം**

ലോക ലഹരി വിരുദ്ധ ദിനത്തോടനുബന്ധിച്ച് 26.06.2019 ന് സ്കൂൾ ലഹരി വിരുദ്ധ ക്ലബ്ബിന്റെ നേതൃത്വത്തിൽ കൊട്ടോടി ടൗണിൽ ലഹരി വിരുദ്ധ റാലി നടത്തി.ടൗണിലെ വ്യാപാരികൾക്ക് ലഹരി വിരുദ്ധ നോട്ടീസ് നൽകി ബോധവൽക്കരണം നടത്തി.കടകളിൽ ലഹരി വിരുദ്ധ പോസ്റ്റർ പതിച്ച് ലഹരി വിരുദ്ധ സന്ദേശം നൽകി.ഹെഡ്മാസ്റ്റർ ഷാജി ഫിലിപ്പ്,പി.ടി.എ പ്രസിഡണ്ട് ബി.അബ്ദുള്ള, എസ്.എം.സി.ചെയർമാൻ ജോസ് പുതുശ്ശേരിക്കാലായിൽ,ചാക്കോ ചമ്പക്കര, സുലൈമാൻ സ്കൂൾ ലഹരി വിരുദ്ധ ക്ലബ്ബ് കൺവീനർ ആലീസ് തോമസ് അദ്ധ്യാപകരായ മധുസൂദനൻ, റോസമ്മ.പി.എം, സവിത.വി.ആർ വിദ്യാർത്ഥി പ്രതിനിധികളായ ഹരികൃഷ്ണൻ,അഹല്യ എന്നിവർ നേതൃത്വം നൽകി.യു.പി,ഹൈസ്കൂൾ വിദ്യാർത്ഥികൾക്കായി ലഹരി വിരുദ്ധ പോസ്റ്റർ രചനാ മത്സരം നടത്തി.തുടർന്ന് സ്കൂൾ ഹാളിൽ പോസ്റ്റർ പ്രദർശനം നടത്തി.

**ഇംഗ്ലീഷ് ക്ലബ്ബ് വൈക്കം മുഹമ്മദ് ബഷീർ – ഡോക്യുമെന്ററി പ്രദർശനം നടത്തി.**

വൈക്കം മുഹമ്മദ് ബഷീർ ജന്മദിനത്തോടനുബന്ധിച്ച് **ഇംഗ്ലീഷ് ക്ലബ്ബ് 05.07.2019 ന്** വൈക്കം മുഹമ്മദ് ബഷീർ – ഡോക്യുമെന്ററി പ്രദർശനം സംഘടിപ്പിച്ചു.

**ഗണിതശാസ്ത്ര ക്ലബ്ബ്**

- 2019 ജനുവരിയിൽ ക്ലാസ്സ് തല ഗണിത പ്രവർത്തനങ്ങളിൽ മികച്ച നിന്നവർക്ക് സമ്മാനങ്ങൾ നൽകി.
- 2019 ജൂണിൽ ലോക കപ്പ് ക്രിക്കറ്റിനോടനുബന്ധിച്ച് ലോകകപ്പിലെ ഗണിതം എന്ന വിഷയത്തിൽ ഹൈസ്കൂൾ വിദ്യാർത്ഥികൾക്ക് ക്വിസ്സ് മത്സരം നടത്തി.

**നേച്ചർ ക്ലബ്ബ്**

വിദ്യാലയ സൗന്ദര്യവൽക്കരണത്തിന്റെ ഭാഗമായി വിദ്യാലയ പരിസരത്തു നിന്നും ശേഖരിച്ച ഒഴിഞ്ഞ പ്ലാസ്റ്റിക് കുപ്പികളിൽ മണ്ണു നിറച്ച് പത്തുമണിപ്പൂവിന്റെയും ടേബിൾ റോസിന്റെയും ചെടികൾ വെച്ച് **ഹാംഗിംഗ് ഗാർഡൻ നിർമ്മാണം** ഈ വർഷത്തെ പ്രവർത്തനമായി നടത്തി വരുന്നു.കൂടാതെ സ്കൂൾ പച്ചക്കറിത്തോട്ടത്തിൽ വഴുതന തൈകൾ നട്ടുപിടിപ്പിച്ച് ഫലം ശേഖരിച്ചു വരുന്നു.

**വിദ്യാരംഗം കലാസാഹിത്യ വേദി**

- 2019 ജൂൺ 19 വായനാ ദിനത്തോടനുബന്ധിച്ച് അസംബ്ലി ചേരുകയും വായനാ ദിന സന്ദേശം ചൊല്ലിക്കൊടുക്കുകയും വിവിധ ക്ലബ്ബുകളുടെ ഉദ്ഘാടനം ഹെഡ്മാസ്റ്റർ നിർവ്വഹിക്കുകയും ചെയ്തു.ഇതിന്റെ ഭാഗമായി വായനാ ക്വിസ്സ്, ജീവചരിത്രക്കുറിപ്പ് തയ്യാറാക്കൽ, ആസ്വാദനക്കുറിപ്പ് തയ്യാറാക്കൽ, പ്രസംഗമത്സരം എന്നിവ സംഘടിപ്പിച്ചു.ബഷീർ അനുസ്മരണത്തോടനുബന്ധിച്ച് 5 ബിയിലെ കുട്ടികൾ **പാത്തുമ്മയുടെ ആട്** ന്റെ ദൃശ്യാവിഷ്കാരം അവതരിപ്പിച്ചു.

**സ്കൂൾ ആകാശവാണി**

വിദ്യാരംഗം കലാസാഹിത്യവേദിയുടെ ആഭിമുഖ്യത്തിൽ എല്ലാ വർഷവും കുട്ടികളുടെ ആകാശവാണിയിൽ ഉച്ചനേരത്ത് വിവിധപരിപാടികൾ നടത്താറുണ്ട്.സ്കൂൾ വാർത്തകൾ, പ്രാദേശിക വാർത്തകൾ, പൊതുവിജ്ഞാനം,കുട്ടികളുടെ കവിതകൾ എന്നിവ ആകാശവാണിയിലൂടെ അവതരിപ്പിക്കപ്പെടുന്നു. സംഗീതാഭിരുചിയുള്ള കുട്ടികൾക്ക് ഗാനങ്ങളവതരിപ്പിക്കാനും ആകാശവാണി വേദിയാകുന്നു. ഈ വർഷം 21.06.2019 ന് ആകാശവാണിയുടെ പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ചു.കുട്ടികൾ ക്ലാസ്സടിസ്ഥാനത്തിൽ ആണ് പരിപാടികൾ അവതരിപ്പിക്കുന്നത്.പത്രവാർത്തകൾ, ഇന്നത്തെ ചിന്താവിഷയം, നാടൻപാട്ടുകൾ,ആസ്വാദനക്കുറിപ്പുകൾ,ദിനാചരണക്കുറിപ്പുകൾ എന്നിവ ആകാശവാണിയിൽ അവതരിപ്പിക്കുന്നു. ഉച്ചയ്ക്ക് 1.30 മുതൽ 1.45 വരെയുള്ള സമയത്താണ് ആകാശവാണിയുടെ സമയം.

**സ്കൂൾ കലോത്സവം 2019**

കുട്ടികളിലെ കലാതാത്പര്യം പ്രോത്സാഹിപ്പിക്കാനും അതിന് വേദി ഒരുക്കാനുള്ള സ്കൂൾ കലോത്സവം 2019 ഒക്ടോബർ 4,5 തിയതികളിലായി നടന്നു.

ഹൗസടിസ്ഥാമത്തിൽ കുട്ടികൾ കലാമത്സരങ്ങളിൽ പങ്കെടുത്തു. വിജയികളായവരിൽ നിന്നും മികച്ച ഇനങ്ങൾ ഉപജില്ലാ മത്സരങ്ങൾക്ക് തിരഞ്ഞെടുത്തു.

**സ്കൂൾ കായികമേള 2019**

സ്കൂളിലെ മികച്ച കായികതാരങ്ങളെ കണ്ടെത്തുന്നതിനും കുട്ടികളിലെ കായികമികവിനെ പ്രോത്സാഹിപ്പിക്കാനും സ്കൂൾ കായികമേള ഒക്ടോബർ 26,27 തിയതികളിലായി നടന്നു.ഹൗസടിസ്ഥാനത്തിലായിരുന്നു കായികമേളയും നടന്നത്.

**ഹോസ്ദുർഗ്ഗ് ഉപജില്ലാ ശാസ്ത്രമേള**

2019 ഒക്ടോബർ 11 ന് നടന്ന ഉപജില്ലാ ശാസ്ത്ര–ഗണിത ശാസ്ത്ര–ഐ.ടി–പ്രവൃത്തി പരിചയ മേളകളിൽ വിദ്യാർത്ഥികൾ പങ്കെടുക്കുകയും സ്കൂളിന് മികച്ച പോയന്റ് നേടിക്കൊടുക്കുകയും ചെയ്തു.

**SSLC Evening Class**

പത്താം തരത്തിലെ വിദ്യാർത്ഥികൾക്ക് കൂടുതൽ പഠനമണിക്കൂറുകൾ ലഭിക്കാൻ ഒക്ടോബർ 14 മുതൽ ഈവനിങ് ക്ലാസ്സ് ആരംഭിച്ചു. മോർണിങ് ക്ലാസ്സ് ജൂണിൽ തന്നെ ആരംഭിച്ചു.

**LSS,USS Coaching Class**

പ്രൈമറി തലത്തിലെ കുട്ടികളെ സ്കോളർഷിപ്പ് പരീക്ഷയ്ക്ക് തയ്യാറാക്കുന്ന പരിശീലന പരിപാടി ആൻസി ടീച്ചറുടെ നേതൃത്വത്തിൽ ഒക്ടോബർ മാസത്തിൽ ആരംഭിച്ചു.

**കുട്ടികൾക്ക് ആരോഗ്യപരിശോധന**

കുട്ടികളുടെ പഠനപിന്നോക്കാവസ്ഥക്ക് ഒരു പ്രധാന കാരണം കുട്ടികളിലെ പോഷകാഹാര കുറവും ആരോഗ്യപ്രശ്നങ്ങളുമാണ്. കുട്ടികളിൽ കാണുന്ന ഒരു പ്രധാന പ്രശ്നമാണ് വിളർച്ച. ഇത് കണ്ടെത്താൻ കുട്ടികളില ഹീമോഗ്ലോബിൻ പരിശോധന 2019 ഒക്ടോബർ 24 ന് പൂടംകല്ല് താലൂക്ക് ആശുപത്രിയുമായി സഹകരിച്ച് നടത്തി.

**അമ്മമാർക്കുള്ള ബോധവത്കരണ ക്ലാസ്സ്**

ലിറ്റിൽ കൈറ്റ്സ് ഐ.ടി ക്ലബിന്റെ നേതൃത്വത്തിൽ അമ്മമാർക്ക് ക്ലാസ്സ് നടത്തി. സ്മാർട്ട് ഫോൺ ഉപയോഗിച്ച് ക്ലാസ്റൂം പഠനപ്രവർത്തനങ്ങൾക്കാവശ്യമായ പഠനവിഭവങ്ങൾ ഡൗൺലോഡ് ചെയ്യാനും ഫലപ്രദമായി ഉപയോഗിക്കാനുമുള്ള പരിശീലനമാണ് നൽകിയത്.

**ദന്തപരിശോധന ക്യാമ്പ്**

കുട്ടികളിലെ ദന്തസംരക്ഷണവുമായി ബന്ധപ്പെട്ട് അവബോധം നൽകുന്നതിനും ഈ ക്യാമ്പ് 2019 നവംബർ 5 ന് നടന്നു. പനത്തടി താലൂക്ക് ആശുപത്രിയിലെ ദന്തരോഗവിദഗ്ദരും ആരോഗ്യവകുപ്പ് അധികൃതരും ക്യാമ്പ് സന്ദർശിച്ചു.

**നൈതികം**

ഇന്ത്യൻ ഭരണഘടനാ വാർഷികവുമായി ബന്ധപ്പെട്ട് കുട്ടികളിൽ അവരുടെ ചുമതലകളെക്കുറിക്കുറിച്ചും അവകാശങ്ങളെക്കുറിച്ചുംബോധവാന്മാരാക്കാൻ നൈതികം പദ്ധതി നടത്തി. സ്കൂളിലെയും വീട്ടിലെയും സമൂഹത്തിലെയും കുട്ടികളുടെ അവകാശങ്ങൾ,കർത്തവ്യങ്ങൾഎന്തെല്ലാമെന്ന് കുട്ടികളെക്കൊണ്ടു തന്നെ തയ്യാറാക്കി ഭരണഘടന നിർമ്മിക്കാൻ നിർദ്ദേശിച്ചു. സാമൂഹ്യശാസ്ത്രഅദ്ധ്യാപകൻ പ്രമോദ് പി കെ നേതൃത്വം നൽകി. തയ്യാറാക്കിയ ഭരണഘടന നവംബർ 1 ന് സ്കൂൾ അസംബ്ലിയിൽ പ്രകാശനം ചെയ്തു.

**നവംബർ 1 കേരളപ്പിറവി ദിനം**

ദിനത്തോടനുബന്ധിച്ച് മലയാളഭാഷാ പ്രചാരണം നടത്തി. വിദ്യാരംഗം കലാസാഹിത്യ വേദി നേതൃത്വം നൽകി. അസംബ്ലി ചേർന്ന് പ്രതിജ്ഞ ചൊല്ലി.

**പഠന വീട്, ശ്രദ്ധ**

പഠനപോഷണ പരിപാടികളായ പഠന വീട്, ശ്രദ്ധ എന്നിവയ്ക്ക് നവംബർ 8 ന് തുടക്കം കുറിച്ചു. പഞ്ചായത്ത് പ്രസിഡന്റ് ത്രേസ്യാമ്മ ജോസഫ് ഇത് ഉദ്ഘാടനം ചെയ്തു.

**മിഡ് ടേം പരീക്ഷ**

നവംബർ 4 ന് മിഡ് ടേം പരീക്ഷ ആരംഭിച്ചു.

**കടലാസ് പേന നിർമ്മാണം**

JRC യുടെ നേതൃത്വത്തിൽ കടലാസ് പേന നിർമ്മാണം 8–11–19 ന് നിർമ്മാണം സംഘടിപ്പിച്ചു. JRC കൗൺസിലർ പ്രശാന്ത് പി ജി നേതൃത്വം നൽകി. നൂറോളം കടലാസ് പേന നിർമ്മിച്ച് വിദ്യാർത്ഥികൾക്കും അദ്ധ്യാപകർക്കുമ നൽകി.

**ജൈവകർഷകന് ആദരം**

കാർഷിക ദിനത്തോട് സംബന്ധിച്ച് ജൈവകർഷകൻ ജോൺ കുഴിഞ്ഞാലിനെ ആദരിച്ചു. ജൈവകർഷക രീതിയെകുറിച്ച് അദ്ദേഹം ക്ലാസ്സെടുത്തു.

**ഭവനസന്ദർശനം**

ശ്രദ്ധ പഠനപോഷിണിൽപ്പെട്ട കുട്ടികളുടെ ഭവനസന്ദർശനം നവംമ്പർ 23 ന് നടത്തി.

**പ്രതിഭകളെ ആദരിക്കൽ**

പ്രാദേശിക കായിക, സാംസ്കാരിക, വിദ്യാഭ്യാസ മേഖലയിലെ കുട്ടികളെ കണ്ടെത്തി ആദരിക്കുന്ന പരിപാടി ശിശുദിനത്തോടനുബന്ധിച്ച് നവംബർ 14 ന് നടന്നു.

പ്രമുഖ അക്ഷരശ്ലോകവിദഗ്ദനായ ശ്രീ ദാമോദരൻ വാഴവളപ്പിനെ അദ്ദേഹത്തിന്റെ വീട്ടിൽ ചെന്ന് ആദരിച്ചു. ഇതുമായി ബന്ധപ്പെട്ട കാര്യങ്ങൾ ,ജീവിതാനുഭവങ്ങൾ എന്നിവ കുട്ടികളുമായി പങ്കുവെച്ചു. കുട്ടികൾക്ക് വേറിട്ട ഒരു അനുഭവമായിരുന്നു. ഇതോടനുബന്ധിച്ച് ശ്രീ ബാലചന്ദ്രൻ കൊട്ടോടി(പ്രശസ്ത മജീഷ്യൻ,വ്യക്തിത്വ വികസന പരിശീലകൻ), അനീഷ് പുലിക്കാട് (മ്യൂറൽ ആർട്ടിസ്റ്റ്),നിഷിദ് (ബോക്സിംഗ് താരം)എന്നിവരെയും ആരദരിച്ചു.

**ഗണിത ക്ലബ്**

ഗണിത ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ നവംബർ 11 ന് ഗണിത ചാർട്ട്പ്രദർശനം നടത്തി.

**സ്കൂൾ ശുചീകരണം 25-11-19**

വയനാട് സംഭവത്തോടനുബന്ധിച്ച് സർക്കാർ നിർദ്ദേശപ്രകാരം പി.ടി.എ, അദ്ധ്യാപകർ എന്നിവരുടെ സഹകരണത്തോടെ സ്കൂളും പരിസരവും വൃത്തിയാക്കി.

**ഹയർസെക്കണ്ടറി സയൻസ് ലാബ് ഉദ്ഘാടനം**

ഹയർസെക്കണ്ടറി വിഭാഗം സയൻസ് ലാബ് ഉദ്ഘാടനം ബഹു. എം.പി രാജ്മോഹൻ ഉണ്ണിത്താൻ നിർവഹിച്ചു. കള്ളാർ പഞ്ചായത്ത് പ്രസിഡന്റ് ത്രേസ്യാമ്മ ജോസഫ് അദ്ധ്യക്ഷം വഹിച്ചു.

**പി.ടി.എ ജനറൽ ബോഡി യോഗം**

സ്കൂൾ വാർഷികം നടത്തുന്നതുമായി ബന്ധപ്പെട്ട് ആലൊചിക്കുന്നതിനും തീരുമാനിക്കുന്നതിനുമായി നവംബർ 21-ന് പി.ടി.എ ജനറൽ ബോടി യോഗം നടത്തി

**പേരട്ടക്കം കാവ് സന്ദർശനം, ഫാം സന്ദർശനം,സോളാർ വൈദ്യുതി നിലയം**

ക്ലാസ്സ് റൂം പഠന പ്രവർത്തനത്തിന്റെ ഭാഗമായി 5,7 ക്ലാസ്സിലെ കുട്ടികൾ അദ്ധ്യാപകരോടൊപ്പം പേരെട്ടക്കം കാവ്,പശുവളർത്തൽ കേന്ദ്രം.എന്നിവ സന്ദർശിച്ച് റിപ്പോർട്ട് തയ്യറാക്കി. അദ്ധ്യാപകരായ മധുസൂധനൻ,റോസമ്മ,മാധവി എന്നിവർ നേതൃത്വം നൽകി.

**ക്ലാസ്സ്.പി.ടി.എ**

രണ്ടാം പാദവാർഷിക പരീക്ഷയുടെ ഫലവിശകലനം രക്ഷിതാക്കളെ അറിയിക്കുന്നതിനായി CPTA ജനുവരി 3,6,7 തീയ്യതികളിലായി നടന്നു

**ലിറ്റിൽ കൈറ്റ്സ് യൂണിറ്റ് സ്കൂൾ തല ക്യമ്പ്**

ലിറ്റിൽ കൈറ്റ്സ് 2020-23 ബാച്ച് സ്കൂൾ തല ക്യമ്പ് 2019 ഡിസംബർ 4-ന് നടത്തി.രാജപുരം ഹോളി ഫാമിലി ഹയർ സെക്കണ്ടറി സ്കൂളിലെ റിങ്കു ജോസ് ക്ലാസ്സ് എടുത്തു.

**ലിറ്റിൽ കൈറ്റ്സ് ഹോസ്ദുർഗ്ഗ് ഉപജില്ലാ തല ക്യാമ്പ്**

ലിറ്റിൽ കൈറ്റ്സ് ഹോസ്ദുർഗ്ഗ് ഉപജില്ലാ തല ക്യമ്പ് രാജപുരം ഹോളി ഫാമിലി ഹയർ സെക്കന്ററി സ്കൂളിൽ വച്ച് നവംബർ 22,23 തീയതികളിലായി നടന്നു.

**ജൂനിയർ റെഡ്ക്രോസ്**

1.പുതിയതായി 14 കുട്ടികൾ JRC യിൽ ചേർന്നു.ആകെ 54 കുട്ടികൾ ആണ് JRC യിൽ ഉള്ളത് ഈ വർഷം ചേർന്ന കുട്ടികൾക്കുള്ള ഇൻവെസ്റ്റിച്ചർ സെറിമണി ഒക്ടോബർ 21-ന് നടത്തി.പി.ടി.എ പ്രസിഡന്റ് ശ്രീ.ബി.അബ്ദുള്ള കുട്ടികളെ ക്യാപ് ധരിപ്പിച്ചു.

2.JRC കേഡറ്റുകൾ പേപ്പർ പേന നിർമ്മാണ പരിശീലനം നവംബർ ഒന്നിന് സംഘടിപ്പിച്ചു.

3.21-12-19 ന് രാജപുരം ഹോളിഫാമിലി സ്കൂളിൽ വെച്ച് നടന്ന സെമിനാർ 34 JRC കേഡറ്റുകൾ പങ്കെടുത്തു.

4.ഉപജില്ലാതലത്തിൽ നടത്തിയ ഹെന്റ്റി ഡ്യൂനാന്റ് അനുസ്മരണ ക്വിസ്സിൽ 10 A ക്ലാസിലെ വേദശ്രീ.എം.രണ്ടാം സ്ഥാനം നേടുകയും ഹോസ്ദുർഗ്ഗ് ഉപജില്ലയെ പ്രതിനിധീകരിച്ച് ജില്ലാ മത്സരത്തിൽ പങ്കെടുക്കുകയും ചെയ്തു.

5.സ്കൂൾ തലത്തിൽ JRC കേഡറ്റുകൾക്ക് ക്വിസ്സ് മത്സരം, ജൂനിയർ റെഡ്ക്രോസ് പ്രവർത്തനങ്ങളെക്കുറിച്ചുള്ള ക്ലാസുകൾ നൽകി.(31/12/19,9/1/20)

6."C" ലെവൽ പരീക്ഷയിൽ പത്തിലുള്ള എല്ലാ കേഡറ്റുകളും പാസായി. ഗ്രേഡ് മാർക്കിന് യോഗ്യത നേടി.

**English Club**

1.പഠനപിന്നോക്കാവസ്ഥ പരിഹരിക്കാൻ ഇംഗ്ലീഷ് ക്ലബ്ബിന്റെ നേതൃത്വത്തിൽ ഇംഗ്ലീഷ് ക്ലിനിക്ക് നടത്തി വരുന്നു.

2.ഫിലിം പ്രദർശനം ഇംഗ്ലീഷ് എഴുത്തുക്കാരുമായി ബന്ധപ്പെട്ട പ്രധാന ദിവസങ്ങളിൽ അവരുടെ കൃതികളുടെ സിനിമാരൂപം പ്രദർശിപ്പിക്കാറുണ്ട്.

**സ്കൂൾ വാർഷികം**

ഈ വർഷത്തെ സ്കൂൾ വാർഷികം 2020 ജനുവരി 10 ന് വൈകുന്നേരം നടന്നു.ഈ വർഷം സർവ്വീസിൽ നിന്നും വിരമിക്കുന്ന അധ്യാപകർക്കുള്ള യാത്രയയപ്പ സമ്മേളനവും വാർഷികത്തോടനുബന്ധിച്ച് നടത്തി.

**<u>എൻ. എസ്.എസ്.സപ്ത ദിന സഹവാസ ക്യാമ്പ് 2019– 2020</u>**

2019– 20 അധ്യയന വർഷത്തെ സപ്തദിന സഹവാസ ക്യാമ്പ് " ഗാന്ധി സ്മൃതി @ 150 " ഹോളി ഫാമിലി ഹയർ സെക്കന്ററി സ്കൂൾ രാജപുരത്ത് വെച്ച് ഡിസംബർ 21 മുതൽ 27 വരെ നടത്തപ്പെട്ടു.

**<u>ഗണിതോൽസവം</u>**

കള്ളാർ പഞ്ചായത്ത് തല ഗണിതോത്സവം സഹവാസ ക്യാമ്പ് ജനുവരി 24,25,26 തീയതികളിലായി സ്കൂളിൽ വച്ച് നടന്നു.കള്ളാർ പഞ്ചായത്തിലെ വിവിധ സ്കൂളുകളിൽ നിന്നും 100 കുട്ടികൾ ക്യാമ്പിൽ പങ്കെടുത്തു.

**<u>ജനുവരി 26 റിപ്പബ്ലിക് ദിനം</u>**

ഇന്ത്യയുടെ എഴുപതാം റിപ്പബ്ലിക് ദിനം സ്കൂളിൽ സമുചിതമായി ആഘോഷിച്ചു.ഹെഡ്മാസ്റ്റർ ഷാജി ഫിലിപ്പ് ദേശീയ പതാകയുയർത്തി.ഹയർ സെക്കന്ററി അധ്യാപിക ശ്രീവിദ്യ .എസ് റിപ്പബ്ലിക് ദിന സന്ദേശം നൽകി.

---

# ലോക പരിസ്ഥിതി സമ്മേളനങ്ങൾ

**<u>സ്റ്റോക്ക് ഹോം സമ്മേളനം</u>**

സ്വീഡനിലെ സ്റ്റോക്ക് ഹോമിൽ വെച്ച് 1972 ജൂൺ5 മുതൽ16 വരെ ഐക്രരാഷട്രസഭ യുടെ ആഭിമുഖ്യത്തിൽ നടന്ന അന്താരാഷ്ട്ര പരിസ്ഥിതി സമ്മേളനം.114 രാഷ്ട്രങ്ങൾ നിരവധി അന്താരാഷ്ട്ര സ്ഥാപനങ്ങളും ഈ സമ്മേളനത്തിൽ പങ്കെടുത്തു.സേറ്റാക്ക് ഹോ തത്ത്വങ്ങൾ എന്നറിയപ്പെടുന്ന പരിസ്ഥിതി തത്ത്വങ്ങൾ, ആക്ഷൻ പ്ലാൻ തുടങ്ങിയവ ഈ സമ്മേളനത്തിൽ രൂപവതകരിക്കപ്പെട്ടു.പരിസ്ഥിതി സെരക്ഷണത്തെപ്പറ്റി അന്താരാഷ്ട്ര് തലത്തിൽ അവബോധമുണ്ടാക്കാൻ ഈ സമ്മേളനത്തിനും കഴിഞ്ഞു. ഈ സമ്മേളനത്തിനു ശേമാണ് ജൂൺ 5 ലോക പരിസ്ഥിതി ദിനമായി ആചരിച്ചുതുടങ്ങിയത്.

**<u>റംസാർ കൺവെൻഷൻ</u>**

തണ്ണീർതടങ്ങളും ചതുപ്പുനിലങ്ങളും സംരക്ഷിക്കുന്നതിനായി 1971 ഫിബ്രവരി 2 ന് ഇറാനിലെ റംസറിൽ ചേർന്ന അന്താരാഷ്ട്ര് സമ്മേളനമാണ് റംസാർ കൺവെൻഷൻ. കേരളത്തിലെ അഷ്ടമുടിക്കായൽ, വേമ്പനാട്ടു കായൽ എന്നിവ ഉൾപ്പെടെ 26 റം സാർ പ്രദേശങ്ങൾ ഇന്ത്രയിലുണ്ട്

**<u>മോൺട്രിയൽ ഉടമ്പടി</u>**

ഓസോൺ പാളിയുടെ നാശം ലഘൂകരിക്കുന്ന തിനായി യു.എൻ.ഇ.പി.യുടെ ആഭിമുഖ്യത്തിൽ1987-ൽ കാനഡയിലെ മോൺട്രിയലിൽ ചേർന്ന അന്താരാഷ്ട്ര സമ്മേളനത്തിൽ സമർപ്പിച്ചഉടമ്പടി. 1987 സ്പതംബർ 16-നായിരുന്നു ഇത്. ഓസോൺ പാളിയു ടെ നാശത്തിനു കാരണമാവുന്ന വാതകങ്ങളുടെ (ക്ലോറോ ഫ്ലൂറോ കാർബൺ)ഉത്പദനം കുറയക്കുന്നതിനുള്ള ഈഉടമ്പടി. സപതംബർ 16 ഓസോൺദിനമായി ആചരിക്കുന്നു

**<u>കോപ്പൻ ഹേഗൻ ഉച്ചകോടി</u>**

2009-ൽ ഡെൻമാർക്കിലെ കോപ്പൻ ഹേഗനിൽ നടന്ന ഐക്യരാഷ്ട്രസഭ കാലാവസ്ഥാമാറ്റ കോൺ ഫറൻസ്. UNFCCC(united nations frame work convention on climate change)അംഗങ്ങളാണ്ഇതിൽ പങ്കെടുത്തത.
ആഗോള താപനില ഉയരുന്നത് 2 ഡിഗ്രി സെൽഷ്രസിൽ താഴെ നിർത്താൻശ്രമിക്കണമെന്ന് പൊതു തീരുമാനമെടുത്തു. ആഗോള താപനില ഉയരുന്നതിനു കാണമായ CO2 വിന്റെറ ഉൽസർജനംകുറയക്കുക എന്നത് നിയമപരമായ ബാദ്രതയാക്കാ എന്നതിനാൽ പ്രസക്കുത തീരുമാനം വെറുതെയാകുമെന്നുറപ്പായീ.

**<u>റിയോഭൗമ ഉച്ചകോടി</u>**

ബ്രസീലിലെ റിയോഡി ജനിറോയിൽ ഐക്യരാഷട്രസഭ വിളിച്ചു കൂട്ടിയ പരിസ്ഥിതിയും വികസനവും സംബന്ധിച്ച സമ്മേളനം
1992-ൽ നടന്ന സമ്മേളനത്തിൽ പങ്കെടുത്ത 176 രാഷ്ട്രങ്ങൾ റിയോ പ്രഖ്യാപനം (Reo Declaration) എന്ന 27 തത്ത്വങ്ങൾ അടങ്ങിയ പ്രഖ്യാപനം അംഗീകരിച്ചു.

**<u>ക്യോട്ടോ പ്രോട്ടോകോൾ</u>**

കാലവസ്ഥാ മാറ്റം സംബന്ധിച്ച അന്താരാഷ്ട്ര ഉടമ്പടി.1997 ഡിസംബർ 1മുതൽ 11 വരെ ജപ്പാനിലെ ക്യേട്ടോയിൽ ചേർന്ന സമ്മേളനത്തിൽ unfcc അംഗീകരിച്ച രാജ്യങ്ങൾ പങ്കെടുത്തു. ഹരിതഗൃഹവാതകങ്ങൾ പുറത്തു വിടുന്നത് കുറയ്ക്കുുന്നതുമായി ബന്ധപ്പെട്ടതായിരുന്നു ക്യോട്ടോ പ്രോട്ടോകോൾ.




രാജ്യത്തിന് മാതൃകയായി സംസ്ഥാനത്തെ പൊതുവിദ്യാലയങ്ങൾ പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിലൂടെ ഹൈടെക് ആകുമ്പോൾ വിദ്യാലയങ്ങളുടെ പരിപാലനത്തിനും ഹൈടെക് സംവിധാനങ്ങൾ സംരക്ഷിക്കുന്നതിനും സാങ്കേതിക വൈദഗ്ധ്യമുള്ള ഒരുസംഘം വിദ്യാർത്ഥികളെ വിദ്യാലയങ്ങളിൽത്തന്നെ സജ്ജരാക്കുന്നതിന് ആരംഭിച്ച ഹായ് സ്കൂൾ കുട്ടിക്കൂട്ടം പദ്ധതി കൂടുതൽ ഘടനാപരമായ പരിഷ്കാരങ്ങളോടെ ആരംഭിച്ചതാണ് ലിറ്റിൽ കൈറ്റ്സ്. 2018 ജനുവരി 22 ന് ബഹു.കേരള മുഖ്യമന്ത്രി പിണറായി വിജയൻ ലിറ്റിൽ കൈറ്റ്സ് ഉദ്ഘാടനം ചെയ്തു.വിവര വിനിമയ സാങ്കേതിക വിദ്യയുടെ സങ്കേതങ്ങൾ സമർത്ഥമായും ഫലപ്രദമായും ഉപയോഗിക്കാൻ വൈദഗ്ധ്യവും അഭിരുചിയുമുള്ള ഒരു തലമുറയെ രൂപപ്പെടുത്തിയെടുക്കുകയെന്നതാണ് പദ്ധതിയുടെ ലക്ഷ്യം.ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾക്ക് അനിമേഷൻ,സൈബർ സുരക്ഷ,മലയാളം കമ്പ്യൂട്ടിംഗ്,ഹാർഡ്‌വെയർ,ഇലക്ട്രോണിക്സ് തുടങ്ങിയ 5 പ്രധാനമേഖലകളിൽ പരിശീലനം നൽകുന്നു.ഇതോടൊപ്പം മൊബൈൽ ആപ് നിർമ്മാണം,,റൊബോട്ടിക്സ്,ഇ കൊമേഴ്സ്,വീഡിയോ ഡോക്യുമെന്റേഷൻ,വെബ് ടി.വി തുടങ്ങിയ മേഖലകളിലും പരിശീലനം നൽകുന്നു.

## ബഹുമതികൾ

1 സംസ്ഥാനത്ത് ഏറ്റവും മികച്ച രീതിയിൽ സ്കൂൾ വിക്കി പ്രവർത്തനങ്ങൾ നടത്തുന്ന സ്കൂളുകൾക്ക് പൊതുവിദ്യാഭ്യാസ വകുപ്പിന്റെ കേരള ഇൻഫ്രാസ്ട്രക്ചർ ആൻഡ് ടെക്നോളജി ഫോർ എഡ്യൂക്കേഷൻ (KITE) നൽകുന്ന പ്രഥമ ശബരീഷ് സ്മാരക സ്കൂൾ വിക്കി ജില്ലാ പുരസ്കാരം (കാസറഗോഡ് ജില്ല ) കൊട്ടോടി ഗവ.ഹയർ സെക്കന്ററി സ്കൂളിന് ലഭിച്ചു.പതിനായിരം രൂപയും പ്രശസ്തി പത്രവും ട്രോഫിയും ആണ് സമ്മാനം.

2 സംസ്ഥാനത്തെ ഏറ്റവും മികച്ച ലിറ്റിൽ കൈറ്റ്സ് യൂണിറ്റുകൾക്കുള്ള 2018–19 ലെ പുരസ്കാരങ്ങൾ പ്രഖ്യാപിച്ചു.ജില്ലാതലത്തിൽ കാസറഗോഡ് ജില്ലയിൽ ഒന്നാം സ്ഥാനം ഗവ.ഹയർ സെക്കന്ററി സ്കൂൾ കൊട്ടോടി യൂണിറ്റിന് ലഭിച്ചു.50000 രൂപയും പ്രശസ്തി പത്രവുമാണ് ജില്ലാതല സമ്മാനം.


ഗവ: ഹയർസെക്കണ്ടറി സ്കൂൾ